# രാഗലയം ശ്രുതി

**കലാ-സാംസ്കാരിക മാസിക**

**പുസ്തകം 6 ലക്കം 6**

**ജൂലൈ/ആഗസ്റ്റ് 2019**


ജപകോടി ഗുണം ധ്യാനം
ധ്യാനകോടി ഗുണംലയം
ലയകോടി ഗുണം ഗാനം
ഗാനാൽ പരതരംനഹി





മാനേജിംഗ് എഡിറ്റർ

**ഡോ. എ.ഇ. കൃഷ്ണൻനമ്പൂതിരി**

ചീഫ് എഡിറ്റർ

**മാങ്കുളം ജി.കെ.**

പത്രാധിപസമിതി

ഡോ. സി. പി. ഉണ്ണിക്കൃഷ്ണൻ
കലാശ്രീ കോട്ടയം കെ. വീരമണി
ഡോ. ശ്രീവത്സൻ നമ്പൂതിരി

ഉപദേശകസമിതി

ആർ. രാമചന്ദ്രൻനായർ IAS
പ്രൊഫ. പാറശ്ശാല രവി
പി. വിജയാംബിക പാലക്കാട്
രമേശൻ വി. പുന്നയൂർക്കുളം

നിയമോപദേശം

അഡ്വ. ജി. ഹരികൃഷ്ണൻ ഹരിപ്പാട്

Setting and Layout : Hari chittakkadan


## ഉള്ളടക്കം...


സാക്സോഫോൺ നാദം നിലച്ചു ..................... 3
കൺപീലിത്തിളക്കവുമായി ഭാർഗ്ഗവിക്കുട്ടി ....... 5
തൊണ്ണൂറിന്റെ നിറവിൽ മധുവാണി
- ലതാമങ്കേഷ്കർ ........ 8
സാഹിത്യവേദി ............................................ 12
കർണ്ണാടകസംഗീതം ആസ്വാദനം, ഒരു പഠനം 14
വയലാറിന്റെ ഭക്തിഗാനങ്ങൾ ........................ 17
സംഗീതാമൃതകഥാമാലിക ............................ 20
കൂത്തൊഴിയുന്ന കൂത്തമ്പലങ്ങൾ ................ 23
രാഗാമൃതം .................................................. 26
അഭിനയകല ............................................... 29
കലാദർശിനി ............................................... 32



വിലാസം

രാഗലയം ശ്രുതി, ചേപ്പാട് പി.ഒ.,
ആലപ്പുഴ (ജില്ല), കേരളം-690507
ഫോൺ : 0479-2470429, 9447037932

ragalayamsruthy@gmail.com,
Website : www.ragalayammusics.com



രാഗലയം ശ്രുതിയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം അതാത് ലേഖകർക്കായിരിക്കും



## എഡിറ്റോറിയൽ

ഒരു കലാകാരനോ സാഹിത്യകാരനോ അവന്റെ കലാസൃഷ്ടി മറ്റൊരാൾക്ക് സമർപ്പിക്കുന്നത് അയാൾ സഹൃദയനും സംസ്കാര സമ്പന്നനുമാണെന്ന മുൻവിശ്വാസത്തോടെയാണ്. എന്നാൽ ആ കലാസൃഷ്ടികൾ കാണുകയും പുസ്തകം കൈപ്പറ്റുകയും ചെയ്താലും യാതൊരു പ്രതികരണവുമില്ലാതെ 'മഹാമുനി'കളായി (മൗനം പാലിക്കുന്നവർ എന്നർത്ഥത്തിൽ) നിസ്സംഗതയും നിർമ്മമത്വവും പ്രകടിപ്പിക്കുന്നവർ യഥാർത്ഥത്തിൽ ആ കലാകാരരുടെയും എഴുത്തുകാരുടെയും പ്രതീക്ഷകളെയും പ്രത്യാശകളെയും തകർക്കുന്ന 'മഹാപാതകി'കളാകുകയാണ് ചെയ്യുന്നത്. പാശ്ചാത്യ സംസ്കാരത്തെ തലങ്ങും വിലങ്ങും ആക്ഷേപിക്കുന്ന നാം പക്ഷെ ഇത്തരം സന്ദർഭങ്ങളിൽ പാശ്ചാത്യർ കാട്ടുന്ന സംസ്കാരമഹിമയെ കാണുവാൻ കൂട്ടാക്കുന്നുമില്ല. അവർ ഏതു കലാകാരനെയും എഴുത്തുകാരനെയും അംഗീകരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും അല്പം പോലും മടിക്കുന്നില്ല. എന്നാൽ പ്രബുദ്ധരെന്നു സ്വയം ഭാവിക്കുന്ന നമുക്കോ അന്യന്റെ സർഗ്ഗവൈഭവത്തെ അല്പമൊന്ന് പ്രശംസിക്കുവാൻ അനല്പമായ വൈമനസ്യമാണുള്ളത്. 'നല്ലവാക്കോതുവാൻ ത്രാണിയുണ്ടാകണം' എന്നൊക്കെ പ്രാർത്ഥിയ്ക്കുമെങ്കിലും പ്രവർത്തിയിൽ അതു കൊണ്ടുവരാൻ മലയാളി മഹാമടിയനാണ്. ഈയവസ്ഥ പണ്ടു തന്നെ ഇവിടെ വ്യാപകമായിരുന്നു എന്നതിന്റെ തെളിവാണ്.

"ഒരുത്തർക്കും ലഘുത്വത്തെ
വരുത്തുവാൻ മടിതന്നെ
ഒരുത്തനും പ്രിയമായിപ്പറ
വാനും ഭാവമില്ല"

എന്നു കുഞ്ചൻ നമ്പ്യാർ പാടിയത്.

പതിവുപോലെ ഈയിടെയും കലാരംഗത്ത് ഒട്ടേറ പ്രതിഭകളുടെ വിയോഗദുഃഖം നമുക്കനുഭവിക്കേണ്ടി വന്നിരിക്കുന്നു. അന്താരാഷ്ട്ര പ്രശസ്തനായ സാക്സോഫോൺ വാദകൻ കദ്രി ഗോപാൽനാഥ്, അഖിലകേരള പ്രശസ്തരായ നാദസ്വര കലാകാരന്മാരായ കരുവാറ്റ ബ്രദേഴ്സിലെ കരുവാറ്റ രവീന്ദ്രൻ എന്നിവരുടെ വേർപാട് ആസന്നകാലത്തുണ്ടായ അത്യാഹിതങ്ങളാണ്. ആ മഹാപ്രതിഭകളുടെ പാവന സ്മരണകൾക്ക് മുന്നിൽ രാഗലയം ശ്രുതിയുടെ അശ്രുപൂജ.

***ചീഫ് എഡിറ്റർ***

---

# രാഗലയം ശ്രുതി കലാ-സാംസ്കാരിക മാസിക

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല. കേരളം - 690507. ഫോൺ : 0479 - 2470429, 9447037932

<u>(Subscription Form)</u>

പേര് :.......................................................................................................................

വിലാസം :..................................................................................................................

...............................................................................................................................

ജില്ല : ....................................പിൻകോഡ്.................................മൊബൈൽ ..............................................

ഇ-മെയിൽ ...........................................................................................

വാർഷിക വരിസംഖ്യ 200/- രൂപ ☐ ലൈഫ് മെമ്പർഷിപ്പ് - 3000/- രൂപ ☐

തീയതി : ഒപ്പ്

| വിലാസം - **മാനേജിംഗ് എഡിറ്റർ, രാഗലയം ശ്രുതി, ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല, കേരളം - 690507** |
|---|

വരിസംഖ്യ ഓൺലൈനായി അടയ്ക്കുവാൻ **A/c No. - 18600100000295, Ragalayam Sruthy, Federal Bank, Cheppad Branch, IFS Code - FDRL0001860** എന്ന നമ്പറിൽ പണമടച്ച് ഫോണിൽ വിളിച്ചുപറയുക. **ഫോൺ നമ്പർ : 09447037932**



പകരം വയ്ക്കാവുന്ന പേരാണ് കദ്രി ഗോപാൽനാഥ്. അദ്ദേഹം ഓർമ്മയാകുമ്പോൾ നിലയ്ക്കുന്നത് സാക്സോഫോണിന്റെ നാദം തന്നെയാണ്. മാധുര്യം, താളം, ലയം, ശ്രുതി എല്ലാം ഒത്തുചേർന്ന സംഗീതമാണ് കദ്രിയെ സാക്സോഫോണിന്റെ മുഖമായി മാറ്റിയത്. സദസ്സും കലാകാരനും തമ്മിൽ അകലം പാടില്ല എന്ന രീതി അദ്ദേഹം മരണംവരെ പരിപാലിച്ചു. വേദിക്ക് ഇണങ്ങുംപോലെ എല്ലാത്തരം സംഗീതവും സാക്സോഫോണിൽ വായിച്ചിരുന്നു. സാസ്കോഫോണിൽ കർണാടക സംഗീതമുതിർത്ത് ഗോപാൽനാഥ് അനുവാചകരെ വിസ്മയിപ്പിച്ചു. പാരഗ്വായിലെയും ബെർലിനിലെയും പാരിസിലെയും എണ്ണംപറഞ്ഞ ജാസ് ഫെസ്റ്റിവലുകളിൽ ഗോപാൽനാഥിന്റെ സാക്സോഫോൺ സംഗീതം മുഴങ്ങി. ജാസ് ശൈലിയിൽ ജോണും കർണാടക ശൈലിയിൽ ഗോപാൽനാഥും സാക്സോഫോണിൽ തീർത്ത വിസ്മയം സംഗീത ആരാധകരുടെ മനം കീഴടക്കി.

1949 ഡിസംബർ 11 ന് ദക്ഷിണ കന്നഡയിലെ സാജിപ്പമൂഡ ഗ്രാമത്തിലാണ് ഗോപാൽനാഥ് ജനിച്ചത്. നാദസ്വരവിദ്വാനായ പിതാവ് താനിയപ്പയുടെ കച്ചേരി കേട്ട് ഗോപാൽനാഥിന്റെ കുട്ടിക്കാലം സംഗീതസാന്ദ്രമായി. കൗമാരകാലത്ത് മൈസൂർ കൊട്ടാരത്തിൽ ബാൻഡ് സെറ്റിനൊപ്പം സാക്സോഫോൺ കണ്ടതോടെ കമ്പം അതിനോടായി. പിന്നെ അതു പഠിക്കാനായി മോഹം. പിതാവ് പച്ചക്കൊടി കാട്ടിയതോടെ മംഗളൂരു കലാനികേതനിലെ എൻ. ഗോപാലകൃഷ്ണ അയ്യരുടെ ശിഷ്യത്വം സ്വീകരിച്ചു. കദ്രിയുടെ ആദ്യ കച്ചേരി നടന്നത് ചെമ്പൈ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിലാണ്. പിന്നീട് ഇന്ത്യയിലും പുറത്തും അദ്ദേഹത്തിന്റെ സംഗീത ജൈത്രയാത്ര നമ്മുടെ സാംസ്കാരിക

# സാക്സോഫോൺ നാദം നിലച്ചു

## കദ്രി ഗോപാൽനാഥ് അനുസ്മരണം

പാശ്ചാത്യ സംഗീതോപകരണ വേദികളിൽ അനുബന്ധ വാദ്യോപകരണമായി ഉപയോഗിച്ചിരുന്ന സാക്സോഫോണിലൂടെ കർണാടക സംഗീതത്തെ ലോകത്തെ അറിയിച്ച അതുല്യ പ്രതിഭ കദ്രി ഗോപാൽനാഥ് അന്തരിച്ചു. കർണാടക സംഗീതത്തിന് അത്ര പരിചിതമല്ലാതിരുന്ന സാക്സോഫോണിനെ കർണാടക സംഗീതത്തിൽ സന്നിവേശിപ്പിച്ച അതുല്യ സംഗീതജ്ഞൻ. ഇന്ത്യയിൽ സാക്സോഫോണിന്

ചരിത്രത്തിന്റെ ഭാഗമാണ്. നാലു പതിറ്റാണ്ട് മുമ്പ് നടന്ന മുംബൈയിലെ ജാസ് ഫെസ്റ്റിവ ലിൽ വച്ച് കാലിഫോർണിയക്കാരനായ ജോൺ ഹാൻഡി എന്ന സംഗീതജ്ഞൻ കദ്രിയുടെ പ്രതിഭ തിരിച്ചറിഞ്ഞത് പാശ്ചാത്യ സംഗീത പര്യ ടന പരമ്പരയ്ക്ക് വഴിതെളിച്ചു. ബാക്കിയെല്ലാം സംഗീതചരിത്രമാണ്. വിദേശ സംഗീതജ്ഞർ ഉൾപ്പടെയുള്ള സദസ്സ് ആ പ്രതിഭ തിരിച്ചറി ഞ്ഞു. അതോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങ ളിലെ പ്രമുഖ സംഗീത വേദികളിലേക്ക് ക്ഷണം കിട്ടി. കർണാടക സംഗീതം വായിക്കുന്നതിന് സാക്സോഫോണിൽ അദ്ദേഹം ചില മാറ്റങ്ങൾ വരുത്തി. 20 വർഷത്തെ പരിശ്രമമാണ് ഗോപാൽനാഥിനെ സാക്സോഫോൺ ചക്ര വർത്തിയാക്കി മാറ്റിയത്. കെ. ബാലചന്ദർ സംവിധാനം ചെയ്ത തമിഴ് സിനിമയിൽ എ. ആർ. റഹ്മാനുമായി ചേർന്ന് സംഗീതം പകർന്നതോടെ കദ്രി വൻതോതിൽ പ്രസി ദ്ധിയും ആരാധകവൃന്ദവുമുള്ള കലാകാരനായി മാറി. പാശ്ചാത്യ സംഗീത പ്രതിഭകളുമായി കൂട്ടുചേർന്ന് ഇന്ത്യൻ സംഗീത മികവ് ആവി ഷ്കരിച്ച് സംഗീത ആൽബങ്ങളും അദ്ദേഹം രചിക്കുകയുണ്ടായി. സംഗീതത്തിനും സംഗീ തോപകരണങ്ങൾക്കും രാഷ്ട്രങ്ങളുടെയും ഭൂഖ ണ്ഡങ്ങളുടെയും കൃത്രിമ അതിർവരമ്പുകൾ ഭേദിക്കാനാവും എന്ന സുപ്രധാന തത്വവും കദ്രിയുടെ സാക്സോഫോൺ സംഗീത സപര്യ നമ്മെ ഓർമ്മിപ്പിക്കുന്നു.

എഴുപതു തികയും മുമ്പ് മരണം തട്ടിപ്പറിച്ച കദ്രിഗോപാൽനാഥിന്റെ ജീവിതം സംഗീതമുഖ രിതമായിരുന്നു. ഒരു പാശ്ചാത്യ സുഷിരവാദ്യം പുനഃസംവിധാനം ചെയ്ത് ഗമക പ്രയോഗ ങ്ങൾക്ക് ശേഷിപകർന്ന് കുറ്റമറ്റ രീതിയിൽ കർണാടക സംഗീത കച്ചേരികൾക്ക് ഉപയോഗി ക്കുക സാധ്യമാണെന്ന് സർവ്വരെക്കൊണ്ടും സമ്മതിപ്പിക്കുക എന്ന അത്ഭുത കൃത്യമാണ് അദ്ദേഹം നിർവ്വഹിച്ചത്. അത് അദ്ദേഹത്തെ നമ്മുടെ സംഗീത ചരിത്രത്തിന്റെ തിളങ്ങുന്ന അധ്യായമാക്കി മാറ്റി. സാക്സോഫോൺ ചക്ര വർത്തി, സംഗീതവൈദ്യരത്ന, ഗാനകലാശ്രീ, നാദോപാസനബ്രഹ്മ, കലൈമാമണി, നാദകലാ നിധി, സാക്സഫോൺ സമ്രാട്ട്, കാഞ്ചികാമ കോടി പീഠത്തിന്റെയും ശൃംഗേരി മഠത്തി ന്റെയും ആസ്ഥാന വിദ്വാൻ പദവി തുടങ്ങി കർണാടക സംഗീതലോകത്ത് അദ്ദേഹത്തിന് കിട്ടാത്ത പുരസ്കാരങ്ങളില്ല. ബെംഗളൂരു സർവ്വകലാശാല ഓണററി ഡോക്ടറേറ്റ് നൽകി. അടുത്ത വർഷത്തെ ഭാരതരത്ന പുരസ്കാര ത്തിന് കേന്ദ്രഗവൺമെന്റ് ശുപാർശ ചെയ്തിരു ന്നു. ലോകസംഗീതത്തിന് തന്നെ തീരാനഷ്ട മാണ് കദ്രിയുടെ വിയോഗം. സംഗീതം ഉള്ളിട ത്തോളം കദ്രി ഗോപാൽനാഥ് എന്ന പേര് സ്വർണ്ണ ലിപികളിൽ തന്നെ നിലനിൽക്കും. മോഹനസംഗീതോപാസകന് രാഗലയം ശ്രുതി മാസികയുടെ ആദരാഞ്ജലികൾ. ●







# കൺപീലിത്തിളക്കവുമായി ഭാർഗ്ഗവിക്കുട്ടി

## വിജയനിർമ്മല അനുസ്മരണം




റ്റി.എം. സുരേഷ്കുമാർ

*"പൊട്ടിത്തകർന്ന കിനാവുകൊ ണ്ടൊരു പട്ടുനൂലൂഞ്ഞാലു കെട്ടീ... ഞാൻ..."*

ഭാർഗവീനിലയത്തിലെ ഭാർഗവിക്കുട്ടിയായി മലയാള ചല ച്ചിത്ര പ്രേമികളുടെ മന സ്സിലിടംപിടിച്ച പ്രശസ്ത നടി, സംവിധായിക. മലയാളികളുടെ മനസ്സിൽ തീരാനൊമ്പരം സൃഷ്ടിച്ച ഭാർഗവിക്കുട്ടിയാകുമ്പോൾ, അവർ നിർമ്മല മാത്രമായിരുന്നു. പിന്നീട് വിജയങ്ങളുടെ പരമ്പര സൃഷ്ടിച്ച അഭിനേത്രിയായി മാറിയ തോടെ വിജയനിർമ്മലയായി. മല യാളം, തെലുങ്ക് സിനിമകളിൽ നടിയായും സംവിധായികയായും നിറഞ്ഞുനിന്ന ജി. വിജയനിർമ്മല (75) വിടപറഞ്ഞു. മലയാളത്തിലെ അവിസ്മരണീയമായ സൂപ്പർഹിറ്റ് പ്രേതസിനിമയാണ് എം. വിൻസന്റിന്റെ ഭാർഗവീനിലയം. ആദ്യത്തെ ലക്ഷണമൊത്ത പ്രേത കഥയിലെ സുന്ദരി. ബഷീറിന്റെ പ്രസിദ്ധമായ നീലവെളിച്ചം ആസ്പദമാക്കിയ ഭാർഗവീനി ലയം എന്ന മലയാളത്തിലെ ആദ്യ ഹൊറർ സിനിമയിലെ നായിക. സ്നേഹത്തിനും പ്രേമത്തിനും കാമത്തെക്കാൾ അർത്ഥമുണ്ടെന്ന് ബോധ്യപ്പെടുത്തിയ അനശ്വരമാ ക്കിയ നിർമ്മല. ബ്ലാക്ക് ആന്റ് വൈറ്റിലും പ്രേക്ഷകനിലെ ഭയത്തെ പാരമ്യതയിലെത്തിച്ച ആ കഥാപാത്രത്തിന്റെ പൊട്ടിച്ചി

രിയും അലർച്ചയും തിയറ്ററുകളെ പിടിച്ചുകുലുക്കി. അതിലെ ദൃശ്യങ്ങൾ പ്രേക്ഷകരെ ഭയപ്പെടുത്തുന്നുണ്ടെങ്കിൽ കാരണം വിജയയുടെ അഭിനയമികവും എ. വിൻസന്റിന്റെ സംവിധാന പ്രതിഭയും ക്യാമറാമാന്റെ ഫ്രെയിമുകളും തന്നെ. ഭാർഗവീനിലയം നേടിയ ജനപ്രീതി അവരെ ഒട്ടേറെ ചിത്രങ്ങളിൽ നായികയാക്കി. അക്കാലത്തെ മുൻനിര




സംവിധായകരായ പി.എൻ. മേനോൻ, എം. കൃഷ്ണൻനായർ എന്നിവരുടെ ചിത്രങ്ങളിൽ നായികയായി അഭിനയിച്ചു. റോസി (പി.എൻ. മേനോൻ), കല്യാണരാത്രി (എം. കൃഷ്ണൻനായർ), ഉദ്യോഗസ്ഥ (പി. വേണു), അന്വേഷിച്ചു കണ്ടെത്തിയില്ല (പി. ഭാസ്കരൻ), കളിപ്പാവ (എബി രാജ്), പുള്ളിമാൻ (ഇ.എൻ. ബാലകൃഷ്ണൻ), പോസ്റ്റുമാനെ കാണാനില്ല, പൊന്നാപുരംകോട്ട (കുഞ്ചാക്കോ) എന്നിവ അവയിൽ ചിലതാണ്. ബാലതാരമായി സിനിമയിലെത്തി പിന്നീട് ദക്ഷിണേന്ത്യൻ സിനിമയിലെ പ്രമുഖ നായികയായി മാറിയ വിജയ നിർമ്മല 55 വർഷം നീണ്ട കലാസപര്യയ്ക്കിടയിൽ വിവിധ ഭാഷകളിലായി ഇരുനൂറിലേറെ ചിത്രങ്ങളിൽ വേഷമിട്ടു.

തമിഴ്നാട്ടിൽ താമസമാക്കിയ തെലുഗു കുടുംബത്തിൽ 1946 ലാണ് ജനനം. സിനിമയിലെ നിർമ്മാണ യൂണിറ്റിലെ ജോലിയായിരുന്നു അച്ഛന്. കുട്ടിയായിരിക്കുമ്പോൾ തന്നെ നാടകത്തോടും ശാസ്ത്രീയ നൃത്തത്തോടും താല്പര്യം കാണിച്ചിരുന്നു. തിരുവങ്കിടമുതലിയാർ എന്ന ഗുരുവിന്റെ കീഴിൽ നൃത്തമഭ്യസിച്ചു. ടി.ആർ. മഹാലിംഗം നായകനായ തമിഴ് ചിത്രത്തിലാണ് ബാലനടിയായി അരങ്ങേറിയത്. തുടരെത്തുടരെ അവസരങ്ങൾ ലഭിച്ചു. ശിങ്കാരി എന്ന തമിഴ് ചിത്രത്തിൽ നായികയായ പത്മിനിയുടെ കുട്ടിക്കാലം അവതരിപ്പിച്ചതിലൂടെ ശ്രദ്ധേയയായി. 1973 ൽ 'കവിത'യിലൂടെ മലയാളത്തിലെ ആദ്യ സംവിധായികയുമായി അവർ. തുടക്കം മുതൽ ഒടുക്കം വരെ കവിതയും ഗാനങ്ങളുമുള്ള സിനിമയ്ക്ക് സംഗീതമൊരുക്കിയത് കെ. രാഘവൻ. ഐ.വി. ശശിയുടെ സഹായത്തോടെ ഒരുക്കിയ അതിൽ ഭാസി, വിൻസന്റ്, തിക്കുറിശ്ശി, കവിയൂർപൊന്നമ്മ എന്നിവരും അഭിനയിച്ചു. തെലുങ്കിലും റീമേക്ക് ചെയ്തപ്പോഴും മികച്ച വിജയമായി. അഭിനയം നൽകിയ കരുത്തും ആത്മവിശ്വാസവുമാണ് സംവിധാന രംഗത്തേക്ക് കടക്കുന്നതിനും ചുവടുറപ്പിക്കുന്നതിനും അവരെ സഹായിച്ചത്.

നിലാവുള്ള രാത്രി. നീല വിശാലമായ ആകാശം. വെളിച്ചത്തിന്റെ മഞ്ഞപ്പൊട്ടുകൾ പോലെ നൂറായിരം നക്ഷത്രങ്ങൾ. ജ്വലിക്കുന്ന തൂവെള്ളപ്പൊടിയായി പരിപൂർണ്ണവൃത്തത്തിൽ ചന്ദ്രൻ. പ്രപഞ്ചം അത്ഭുതസ്തബ്ധമായി രൂപരഹിതമായ കിനാവിൽ മുഴുകി നിൽക്കുകയായി. ഒന്നും ഒരിലപോലും അനങ്ങുന്നില്ല. ഭയാനകമായ നിറഞ്ഞ നിശബ്ദത ഉയർന്ന കൻമതിലുകളാൽ ചുറ്റപ്പെട്ട പറമ്പ്. നിറയെ വൃക്ഷങ്ങൾ. നടുക്കൊരു ചെറിയ രണ്ടുനില മാളിക. അതിൽ വെളിച്ചമില്ല. മൂകമായ ഇരുണ്ട ഭാർഗവീനിലയം. 1967 ൽ ചന്ദ്രകാന്തയും വിൻസന്റ് മാഷും അണിയിച്ചൊരുക്കിയ നിലയത്തിന്റെ പശ്ചാത്തലം. വെളുത്തു മെലിഞ്ഞ് പൊക്കമുള്ള, പാട്ടുപാടുന്ന, നൃത്തം ചവിട്ടുന്ന, കുറച്ചുമാത്രം സംസാരിക്കുന്ന, കിലുകിലെ ചിരിക്കുന്ന ഒരു മാദകത്തിടമ്പ്. പ്രേതം പെണ്ണാണെന്ന അറിവ് സാഹിത്യകാരന്റെ ഭയം അകറ്റി. അയാൾ ഭാർഗവിയെക്കണ്ടു. സ്വപ്നസുന്ദരി, മായാമോഹിനി, രാത്രിയുടെ നിശബ്ദ ഭീകരതയിൽ പകലിന്റെ ഏകാന്തതയിൽ സാഹിത്യകാരന് ഭാർഗവി കൂട്ടായി. അയാളുടെ ലഹരിയായി, സാഹിത്യകാരന്റെ ശ്വാസനിശ്വാസങ്ങളിൽ ഭാർഗവി നിറഞ്ഞു. കഥകൾ പറഞ്ഞ് അവളെ രസിപ്പിച്ചു. പണ്ഡിറ്റ് രവിശങ്കറിന്റെയും ബിസ്മില്ലാ ഖാന്റെയും സൈഗാളിന്റെയും റഫിയുടെയും റെക്കോഡുകൾ ഗ്രാമഫോണിൽ മാറ്റിമാറ്റി കേൾപ്പിച്ച് അവളുടെ മനസ്സിന് കുളിരേകി. ആ ഹൃദ്യമധുരിമ

യിൽ ഭാർഗ്ഗവി മയങ്ങി. 'താമസമെന്തേ വരുവാൻ..' തുടങ്ങി ഏഴ് ഗാനങ്ങളാണ് പി. ഭാസ്കരന് മാഷും ബാബുരാജും ഒരുക്കിയിരിക്കുന്നത്. 'അറബിക്കടലൊരു മണവാളൻ', 'വാസന്തപഞ്ചമി നാളിൽ', 'പൊട്ടാത്ത പൊന്നിൻ കിനാവുകൊണ്ടൊരു', 'അനുരാഗ മധുചഷകം' എന്നീ ഗാനങ്ങളും കമുകറ പാടിയ 'ഏകാന്തതയടെ അപാരതീരം' തുടങ്ങി എല്ലാ ഗാനങ്ങളും ശ്രദ്ധിക്കപ്പെട്ടു. ഭാർഗവി സാഹിത്യകാരന്റെ മനസ്സിൽ ഒരു വെണ്ണക്കൽ പ്രതിമായി മാറി. അനുരാഗത്തിന്റെ മധുരമുള്ള ശൃംഗാരം കലർന്ന കൊച്ചുവർത്തമാനങ്ങൾ, കൺകോണുകളിൽ സ്നേഹത്തിന്റെ നീരുറവ... സ്വാഭാവികാഭിനയത്തിന്റെ മൂർത്തിമദ് ഭാവമായിരുന്നു അവൾ. ഭാർഗവിയെന്ന കഥാപാത്രത്തിന്റെ പൂർണത അവരുടെ അർപ്പണ ബോധത്തിന്റെ ഉദാഹരണമാണ്.

ഭാർഗവീനിലയത്തിന്റെ അണിയറ ജോലികൾ ചെന്നൈയിൽ പുരോഗമിക്കുന്ന വേളയിലാണ് വിൻസെന്റും ശോഭന പരമേശ്വരൻനായരും ചന്ദ്രതാരയുടെ മാനേജരുമായ ആർ.എസ്. പ്രഭുവും ആകസ്മികമായി നായികയെ കണ്ടെത്തുന്നത്. റോഡിന്റെ മറുവശത്തുനിന്നും റോഡ് മുറിച്ച് ഓടുന്ന ഒരു പെൺകുട്ടിയുടെ രൂപം. ആ ഓട്ടവും അവരുടെ കൺപീലിത്തിളക്കവും കണ്ടെത്തിയത് ചിത്രത്തിലെ ഭാർഗ്ഗവിയെയായിരുന്നു. തിരക്കഥാകൃത്തായ വൈക്കം മുഹമ്മദ് ബഷീറിനും ബോധിച്ചതോടെ അവർ മലയാളത്തിലെ വിഖ്യാത ചിത്രത്തിലൂടെ അപ്രതീക്ഷിത നായികയായി. മലയാളത്തിലെ ആദ്യത്തെ വനിതാ സംവിധായികയായി. 47 സിനിമകൾ സംവിധാനം ചെയ്ത് ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റിക്കോർഡ്സിൽ ഇടം നേടി. അഭിനയമല്ലാതെ സിനിമയുടെ മറ്റു മേഖലകളിലേക്കൊന്നും സ്ത്രീകൾ പ്രവേശിക്കാതിരുന്ന എഴുപതുകളിലാണ് വിജയനിർമ്മല ഈ നേട്ടം സ്വന്തമാക്കിയത്. കലയോട് ആത്മാർത്ഥത കാട്ടിയ സത്യൻ, നസീർ, മധു, ഉമ്മർ, തിക്കുറിശ്ശി, ഗോവിന്ദൻകുട്ടി, പി.ജെ. ആന്റണി തുടങ്ങിയവർക്കൊപ്പം പ്രവർത്തിക്കാൻ അവസരമുണ്ടായതിൽ അവർ അഭിമാനിച്ചിരുന്നു. സമഗ്ര സംഭാവനയ്ക്കുള്ള രഘുപതി വെങ്കയ്യ പുരസ്കാരം നൽകി നിർമ്മലയെ 2008 ൽ ആന്ധ്രാ സർക്കാർ ആദരിച്ചിരുന്നു. സിനിമാ ലോകത്ത് ഒത്തിരി വഴിമുദ്രകൾ പതിപ്പിച്ചാണ് വിജയനിർമ്മല കടന്നുപോകുന്നത്. കൺപീലിത്തിളക്കവുമായി ഭാർഗ്ഗവിക്കുട്ടി വിസ്മയം തീർത്ത കലാകാരിക്ക് സ്മരണാഞ്ജലി നേരുന്നു. ●


**പെരിങ്ങോട്ടുകര ദേവസ്ഥാനം ദക്ഷിണാമൂർത്തി സംഗീതനൃത്തോത്സവം അപേക്ഷകൾ ക്ഷണിച്ചു**

പെരിങ്ങോട്ടുകര ദേവസ്ഥാനത്ത്
2019 ഡിസംബർ 21 മുതൽ
2020 ജനുവരി 5 വരെ നടത്തുന്ന 8 – ാമത്
**ദക്ഷിണാമൂർത്തി സംഗീതനൃത്തോത്സവത്തിൽ**
പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള
അപേക്ഷകൾ ക്ഷണിച്ചു.
എല്ലാ സംഗീത – നൃത്ത – വാദ്യോപകരണ
വിഭാഗങ്ങളിലും അപേക്ഷിക്കാവുന്നതാണ്.
**DEVASTHANAM** എന്ന മൊബൈൽ ആപ്പിൽ
പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.
**അവസാനതിയതി ഡിസംബർ 10**
**കൂടുതൽ വിവരങ്ങൾക്ക്**
**9895873473 എന്ന മൊബൈൽ**
**നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.**
E-mail:dakshinamurthidancemusicfest@gmail.com

GET IT ON Google play
Download on the App Store
Scan QR Code or Search for DEVASTHANAM App

**പെരിങ്ങോട്ടുകര ദേവസ്ഥാനം**
**പി. ഒ. കിഴക്കുംമുറി, തൃശൂർ 680 571**

# തൊണ്ണൂറിന്റെ നിറവിൽ മധുവാണി - ലതാമങ്കേഷ്കർ



ളാക്കാട്ടൂർ പൊന്നപ്പൻ



പ്രായംതീർത്ത നൂൽപ്പാലത്തിലൂടെ വാണീമധുരം ഒട്ടും ചോരാതെ, ലതാദീദിയെന്ന വാനമ്പാടി സുസ്മേരവദനയായി ചരിക്കുന്നു. ലോകത്തിലെ സർവ്വഗാനാസ്വാദകർക്കും കുളിരുപകർന്നുകൊണ്ട്. ഈണങ്ങളുടെ രാജ്ഞി, രാഷ്ട്രത്തിന്റെ ശബ്ദം, ഇന്ത്യയുടെ വാനമ്പാടി, ജീവിക്കുന്ന ഇതിഹാസം എന്നിങ്ങനെ നമ്മൾ പുകഴ്ത്തുന്ന നിത്യഹരിത നാദത്തിന്റെ ഉടമ ലതാമങ്കേഷ്കർ 2019 സെപ്റ്റംബർ 28 ന് തൊണ്ണൂറ് വയസ്സിലേക്ക് കടന്നു. സ്വർഗ്ഗീയ മധുരനാദം കൊണ്ട് അത്ഭുതങ്ങൾ സൃഷ്ടിച്ച ലതാജി മുപ്പത്താറ് ഇന്ത്യൻ ഭാഷകളിലും ചില വിദേശഭാഷകളിലുമായി ആറായിരത്തോളം സിനിമകൾക്കുവേണ്ടി അറുപതിനായിരത്തോളം ഗാനങ്ങൾ ആലപിച്ച ചരിത്രമാണുള്ളത്. ഗായിക എന്നതിനുപരി സംഗീതസംവിധാന രംഗത്തും, നിർമ്മാതാവ് എന്ന നിലയിലും അഭിനേത്രിയായും തിളങ്ങിയ അവസരങ്ങൾ അനവധി.

മദ്ധ്യപ്രദേശിലെ ഇൻഡോറിൽ ദിനനാഥ് മങ്കേഷ്കർ എന്ന മറാത്തി ഗായകന്റെയും ഷേവന്തി എന്ന ഗുജറാത്തി വനിതയുടെയും മൂത്തമകളായി ജനനം. ലതയെക്കൂടാതെ മീനാ ഖാദിക്കർ, ആഷാ ബോൺസ്ലെ, ഉഷാ മങ്കേഷ്കർ എന്നീ പെൺമക്കളും, ഹൃദയനാഥ് മങ്കേഷ്കർ എന്ന സഹോദരനും അടങ്ങുന്ന കുടുംബം. സംഗീത്തിലെ ആദ്യഗുരു അച്ഛൻ തന്നെ. അഞ്ചാം വയസ്സു മുതൽ ലത അച്ഛന്റെ മറാത്തി സംഗീതനാടകങ്ങളിൽ അഭിനയിക്കാനും തുടങ്ങി. ലതയ്ക്ക് പതിമൂന്നു വയസ്സുള്ളപ്പോൾ അച്ഛൻ ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് അന്തരിച്ചു. അനാഥമായ കുടുംബത്തിന് ദീനനാഥിന്റെ ഉറ്റ സുഹൃത്തായിരുന്ന വിനായക് ദാമോദർ കർനാടകി ഒരത്താണിയായിത്തീർന്നു. നവയുഗ് ചിത്രപഫ്മൂവി കമ്പനിയുടെ ഓണറായിരുന്നു അദ്ദേഹം. ലതാമങ്കേഷ്കറെ ഒരു ഗായിക മാത്രമല്ല അഭിനേത്രികൂടിയാകാൻ അദ്ദേഹം സഹായിച്ചു. 1942 ൽ

കിഡിഹസാൻ എന്ന പടത്തിൽ സദാശിവനെർ വേക്കർ 'നാച്ചുയാ ഗാഡിഖേലു സാരി' എന്ന ഗാനം പാടിപ്പിച്ചു എങ്കിലും അത് പടത്തിൽ എന്തുകൊണ്ടോ ഉൾപ്പെടുത്തിയില്ലയെന്നത് നിരാശയായി. എന്നാൽ ആ കമ്പനി തന്നെ നിർമ്മിച്ച മറാത്തിയിലുള്ള 'പാഹിലി മംഗളാ ഗായൂർ' എന്ന ചിത്രത്തിൽ പാടി അഭിനയിക്കാൻ അവസരം കൊടുത്തത് നല്ലൊരു കുതിപ്പായി. അന്നത്തെ മുൻനിര സംഗീതസംവിധായകനായിരുന്ന ദാദാ ചന്ദേക്കർ ഈണമിട്ട 'നടാലി പൈത്രാച്ചി' എന്ന മറാത്തി ഗാനമായിരുന്നു. പിന്നീടാണ് ആദ്യ ഹിന്ദി ഗാനം 'മതാ ഏക്സപൂത് കി ദ്റനിയാ' പാടുന്നത് 1943 ൽ.



1945 ൽ വിനായക് കമ്പനി അവരുടെ ആസ്ഥാനം മുംബൈയിലേക്ക് മാറ്റി. വിനായകിനൊപ്പം ലതാജിയും കുടുംബവും അങ്ങോട്ട് താമസം തുടങ്ങി. 1946 ൽ 'ആപ്കി സേവാ' എന്ന ഹിന്ദി ചിത്രത്തിൽ ദത്താ ദാവ്ജേക്കർ സംഗീതസംവിധാനം നിർവ്വഹിച്ച ഹിന്ദുസ്ഥാനി ക്ലാസ്സിക്കൽ ടച്ചുള്ള 'പാലഗൂൺ കാർജോരി' എന്ന സുപ്രസിദ്ധ ഗാനം വൻ വിജയമായി മാറി. 1946 ൽ തന്നെ വിനായക് കമ്പനിയുടെ രണ്ടാം ഹിന്ദി ചിത്രം 'സുഭദ്ര'യിൽ വസന്ത് ദേശായിയുടെ സംഗീതത്തിൽ 'മാതാ തേരേ ചാർനോൺ മേം' എന്ന ഭജൻ ലതാമങ്കേഷ്കർ എന്ന യുവഗായികയുടെ പ്രസിദ്ധി ഇന്ത്യയുടെ അതിർത്തിക്കപ്പുറത്തേക്ക് എത്തിച്ചു. 1948 ൽ വിനായക് അന്തരിച്ചപ്പോൾ സംഗീതസംവിധായകൻ ഗുലാംഹൈദർ ലതയെ നലംതികഞ്ഞ ഒരു ഗായികയായി അംഗീകരിച്ചു. അദ്ദേഹം അന്നത്തെ പ്രമുഖ നിർമ്മാതാവ് ശഷധർ മുഖർജിക്ക് അസാധാരണ ഗായിക എന്നുപറഞ്ഞ് പരിചയപ്പെടുത്തി. പക്ഷെ അദ്ദേഹത്തിന് ലതയുടെ ശബ്ദം ഒട്ടും ഇഷ്ടപ്പെട്ടില്ല. തീർത്തും നേർത്ത ശബ്ദം എന്നുപറഞ്ഞ് തള്ളി. എന്നാൽ ഗുലാം ഹൈദർ രോഷം കൊണ്ടു. ലതാജിയെ സമാശ്വസിപ്പിച്ചു. 'വരുംകാലങ്ങളിൽ അവരുടെ പടങ്ങളിൽ പാടണം എന്നു പറഞ്ഞ് കാലുപിടിച്ചു യാചിക്കുന്ന അവസ്ഥയുണ്ടാകും കാത്തിരുന്നോ' എന്ന് അദ്ദേഹം പറഞ്ഞു. അക്ഷരാർത്ഥത്തിൽ കാലം അതു തെളിയിച്ചു.

1948 ൽ ഗുലാം ഹൈദർ തന്റെ 'മജ്ബൂർ' എന്ന പടത്തിൽ നസിം പനിപതി എഴുതിയ 'ദിൽ മേരാ തോടാ' എന്ന ഗാനം സൂപ്പർഹിറ്റാക്കി മാറ്റി. 2013 ൽ 84-ാം ജന്മദിനാഘോഷത്തിൽ അവർ പറഞ്ഞു; ഗുലാം ഹൈദറാണ് എന്റെ ഗോഡ്ഫാദർ എന്നും എന്റെ കഴിവിൽ പൂർണ വിശ്വാസമുണ്ടായിരുന്ന സംഗീതസംവിധായകനും അദ്ദേഹമായിരുന്നു എന്നും.

1949 ൽ മഹൽ എന്ന ചിത്രത്തിനുവേണ്ടി ഖേംചന്ദ് പ്രകാശ് സംഗീതമൊരുക്കിയ 'ആയേഗാ ആനേവാലാ' എന്ന ഗാനം സുപ്രസിദ്ധ നടി മധുബാലയ്ക്കുവേണ്ടി പാടിയത് ജനം സഹർഷം

നെഞ്ചേറ്റുകയായിരുന്നു.

ഉത്തരേന്ത്യൻ ചലച്ചിത്ര രംഗം എന്നെന്നും കലുഷിതമായിരുന്നു. തലക്കനം കൊണ്ടും തൊഴുത്തിൽക്കുത്തുകൊണ്ടും താൻപോരിമകൊണ്ടും വടംവലി കൊണ്ടും ഏഷണികൊണ്ടും കല ങ്ങിമറിഞ്ഞ ഹിന്ദി സിനിമാ രുടെ അപ്രമാദിത്വത്തിന് തെളിവാ ണ്. ഒഴിവാക്കലിന്റെ ഭാഗമായി 1957 നു ശേഷം 62 വരെ ബർമ്മന്റെ ഒരു പാട്ടുപോലും ലത പാടിയിട്ടില്ല.

1958 ൽ മലയാളികൾക്ക് പിൽക്കാലത്ത് സുപരിചിതമായി മാറിയ സെലിൽ ചൗധരിയുടെ മലയാളികൾ റാഫിയുടേയും കിഷോർകുമാറിന്റെയും പാട്ടുക ളോടൊപ്പം ലതാമങ്കേഷ്കറുടെ പാട്ടുകളും മൂളിക്കൊണ്ടു നടക്കു ന്നവരാണ്.

ഓരോ വർഷവും എടുത്തുകാ ട്ടി അവർ പാടിയ പാട്ടുകളുടെ ലിസ്റ്റ് നിരത്തി വിലയിരുത്താൻ



രംഗത്ത് താരങ്ങളും നായകരും സംഗീതസംവിധായകരും നിർമ്മാ താക്കളും ചേരിതിരിഞ്ഞും വ്യക്തിപരമായും പോരടിച്ചിരുന്ന കാര്യം സുപ്രസിദ്ധമാണ്. അക്കാ ര്യങ്ങൾ ഇവിടെ പ്രസക്തമല്ലാത്ത തിനാൽ വിട്ടുകളയുന്നു. ഇഷ്ടമി ല്ലാത്ത പല ഗായകരെയും സംഗീ തസംവിധായകരെയും എന്തിനു നിർമ്മാതാക്കളെയും വരെ തൂത്തെറിയാനും താല്പര്യമുള്ള വരെ വാഴിക്കാനും വരെ ലതാദീ ദിക്കു കഴിഞ്ഞുവെന്നതാണ് അവ (ചെമ്മീൻ ഫെയിം) സംഗീത ത്തിൽ 'മധുമതി' എന്ന പടത്തിൽ പാടിയ 'ആജാരേ പർദേശി' നല്ല ഗായികയ്ക്കുള്ള ഫിലിംഫെയർ അവാർഡ് അവർക്ക് നേടിക്കൊടു ത്തു. 1978 ൽ ലക്ഷ്മികാന്ത് പ്യാരേലാൽ ഒരുക്കിയ 'സത്യം ശിവം സുന്ദരം' ഇന്നും സൂപ്പർഹി റ്റാണ്. ദേവദാസി, മൗസം, ലൈലാ മജ്നു, പ്രേംപൂജാരി തുട ങ്ങിയ പടങ്ങളിലെ പാട്ടുകളൊ ക്കെയും നിത്യഹരിതമായി പ്രശോഭിക്കുന്നു. പണ്ടേ ഹിന്ദി മെലഡികളുടെ ആരാധകരായ ശ്രമിച്ചാൽ അതൊരു ഗംഭീര പണിയായി മാറും. 1942 മുതൽ എത്രയെത്ര സിനിമാ ഗാനങ്ങൾ എണ്ണമറ്റ ഭജനുകൾ, ദേശഭക്തിഗാ നങ്ങൾ, മറ്റു സ്വതന്ത്ര ഗാനങ്ങൾ! വിസ്താരഭയത്താൽ ചുരുക്കുക യാണ്. എത്രയെത്ര സംഗീതസം വിധായകർ ഇവരിലൂടെ പ്രസിദ്ധ രായി. ഖയ്യാം, വസന്ത് ദേശായി, നൗഷാദ് അലി, ശങ്കർ ജയ്കി ഷൻ, ലക്ഷ്മികാന്ത് പ്യാരേലാൽ, ഹേമന്ദ് കുമാർ, സി. രാമചന്ദ്ര, സെലിൽ ചൗധരി, മദൻ മോഹൻ,

ഉഷാഖന്നാ, അമർനാഥ്, എസ്. ഡി. ബർമ്മൻ ലിസ്റ്റ് നീളുന്നു. ഇനി എത്രയോ പ്രഗത്ഭരായ ഗായകരുടെ കൂടെ യുഗ്മഗാനങ്ങൾ ആലപിച്ച് അനശ്വരമാക്കി. മുഹമ്മദ് റാഫി, മുകേഷ്, കിഷോർകുമാർ, മന്നാഡേ, പി.ബി. ശ്രീനിവാസ്, മഹേന്ദ്രകപൂർ, ഹേമന്ത്കുമാർ, പങ്കജ്ഉദാസ്, കുമാർസാനു, ഉദിത് നാരായണൻ, എസ്.പി. ബാലസുബ്രഹ്മണ്യം അങ്ങനെ ഈ ലിസ്റ്റും നീളുന്നു.

1974 ൽ ഗിന്നസ് ബുക്കിൽ കയറിയ ലതാജി അന്നുവരെ 25000 ഗാനങ്ങൾ പാടിയിരുന്നു. 48 മുതൽ 87 വരെ അവർ ആലപിച്ചത് 30,000 പാട്ടുകളാണ്. 1990 ആയപ്പോൾ അത് 60,000 മിച്ചംയി. അയ്യായിരത്തി ഇരുപത്തഞ്ച് സിനിമകളും! ജീവിക്കുന്ന ഇതിഹാസം, സംഗീതസാഗരം എന്തു പറഞ്ഞാലും അധികമാവില്ല.

ഒരേയൊരു മലയാള പടത്തിൽ ഒരു ഗാനം മാത്രമേ അവർ പാടിയിട്ടുള്ളു എന്നത് ഒരു മുള്ളായി മലയാളികളുടെ മനസ്സിലുണ്ടാകും. 'നെല്ല്' എന്ന പടത്തിൽ വയലാറെഴുതി സലിൽ ചൗധരി ഈണം നൽകി 'കദളീ ചെങ്കദളീ' എന്ന ഗാനം കൗതുകത്തോടെ കേൾക്കാത്തവർ ആരെങ്കിലുമുണ്ടോ? കൂടുതൽ മലയാള പടങ്ങളിൽ പാടാനുള്ള ഓഫർ അവർ നിരസിക്കുകയായിരുന്നു. 1964 ൽ ചെമ്മീനിലെ 'കടലിനക്കരെ' പാടിക്കാൻ വേണ്ടി വയലാറും സലിൽ ചൗധരിയും ഒരു ഭഗീരഥ പ്രയത്നം നടത്തിയതാണ്. 'പതിനാലാം രാവിലെ പാലാഴിത്തിരയിലെ' ആ വരിയിലെ 'പാലാഴിത്തിര' ചതിച്ചുകളഞ്ഞു. അനേകം തവണ ശ്രമിച്ചിട്ടും 'പാലാഷി' മാറുന്നില്ല. എന്തുചെയ്യാം. പാലാഴിത്തിര മാറ്റാൻ വയലാറിനും കഴിഞ്ഞില്ല. മലയാളികളെ ദ്രോഹിക്കാൻ ഞാനില്ല എന്നു പറഞ്ഞ് ലതാജി ഒഴിഞ്ഞത് യേശുദാസിന് ഗുണമായി.

ഇനി നേടിയ അവാർഡുകൾ. നാഷണൽ ഫിലിം അവാർഡ് മൂന്നു പ്രാവശ്യം, ബംഗാൾ ഫിലിം ജേർണലിസ്റ്റ് (BFGA) അവാർഡുകൾ പതിനഞ്ചുപ്രാവശ്യം, ഫിലിംഫെയർ അവാർഡുകൾ നാലുപ്രാവശ്യം, ഫിലിംഫെയർ സ്പെഷ്യൽ അവാർഡുകൾ 2 പ്രാവശ്യം, ഫിലിംഫെയർ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡുകൾ അനേകം തവണ.

ബഹുമതികൾ : പത്മഭൂഷൺ (1969), ദാദാസാഹിബ് ഫാൽക്കെ അവാർഡ് (1989), പത്മവിഭൂഷൺ (1999), ഭാരതരത്നം (2001), ലീജിയൻ ഓഫ് ഓണർ (2007).

എന്താണ് ഈ സ്വരമാധുര്യത്തിന്റെ രഹസ്യം എന്ന ചോദ്യത്തിന് ഈശ്വരനറിയാം എന്നുത്തരം. ആഹാരക്രമത്തെക്കുറിച്ച് ചോദ്യത്തിന് എന്തും കഴിക്കും എന്നാണുത്തരം. ഏറിയപങ്കും ഗായകർ യേശുദാസ് ഉൾപ്പടെ കഴിക്കാൻ ഭയക്കുന്ന ചില ഭക്ഷണങ്ങൾ ലതാദീദി അമൃതം പോലെ കഴിക്കും. ഈശ്വരൻ തന്ന ശബ്ദം എന്തെങ്കിലും കഴിച്ചതിന്റെ പേരിൽ പോകുന്നെങ്കിൽ പോകട്ടെ എന്ന് ഒരിന്റർവ്യൂവിൽ അവർ പറഞ്ഞതായി ഓർമ്മിക്കുന്നു. എന്തുകൊണ്ട് വിവാഹം കഴിച്ചില്ല എന്ന ചോദ്യത്തിനും പുഞ്ചിരിയല്ലാതെ മതിയായ ഉത്തരമില്ല.

പ്രിയപ്പെട്ട ലതാജീ, അവിടുന്ന് 2018 ൽ അവസാനം പാടിയ ഗാനവും കേട്ടു. 'ആതാ വിശാവാച്യേ ക്ഷാണാ' ഇത് അവസാന ഗാനമല്ലെന്ന് ഞങ്ങൾക്കറിയും. പോറലേൽക്കാത്ത ശാരീരവും മനസ്സും തൊണ്ണൂറിൽ നിന്ന് നൂറിനപ്പുറം കുതിക്കട്ടെ. പാടൂ... ഞങ്ങൾ കാതോർത്തിരിക്കുന്നു... പ്രാർത്ഥനയോടെ.... പാടുക.... ദീദീ...പാടുക. ലോകമെങ്ങുമുള്ള സംഗീതപ്രേമികളുടെ പ്രാർത്ഥനയും മംഗളാശംസകളും അങ്ങയോടൊപ്പമുണ്ട്.

●

# കച്ഛപി പുരസ്കാരം



പനച്ചിക്കാട് ദക്ഷിണമൂകാംബിക ക്ഷേത്ര ദേവസ്വം ഏർപ്പെടുത്തിയിട്ടുള്ള കച്ഛപി പുരസ്കാരം ഈ വർഷം ലഭിച്ച കലാമണ്ഡലം അച്യുതവാര്യർ (മദ്ദളം), തൃപ്പൂണിത്തുറ ഗോപാലകൃഷ്ണൻ (ഘടം) എന്നിവർ തിരുവഞ്ചൂർ രാധാകൃഷ്ണനിൽ നിന്നും ഏറ്റുവാങ്ങുന്നു. കെ.എൻ. നാരായണൻനമ്പൂതിരി, കൈമുക്കില്ലം നാരായണൻനമ്പൂതിരി, കെ.ബി. ശ്രീകുമാർ, കെ.വി. ശ്രീകുമാർ തുടങ്ങിയവർ സമീപം





ഡോ. ടി.ആർ. രാഘവൻ

'എല്ലാ സന്തുഷ്ട കുടുംബങ്ങളും ഒരുപോലെയാണ്. എന്നാൽ ഓരോ അസന്തുഷ്ട കുടുംബവും അതിന്റേതായ രീതികളിൽ അസന്തുഷ്ടമായിരിക്കുന്നു' (Happy families are all alike, each unhappy family init's own way) എന്ന വിഖ്യാത വാക്യത്തിൽ തുടങ്ങുന്ന ഈ നോവൽ മനുഷ്യ മനസ്സിനെയും അതിന്റെ വിചിത്രതലങ്ങളെയും കുറിച്ചുള്ള ദാർശനിക പഠനമാണ്. കുടുംബവും

# അന്നാ കരിനീന

യുദ്ധവും സമാധാനവും, അന്നാകരിനീന, ഉയിർത്തെഴുന്നേല്പ് എന്നീ ഗ്രന്ഥത്രയങ്ങളാണ് വിശ്വസാഹിത്യകാരൻ എന്ന നിലയിൽ ലിയോ ടോൾസ്റ്റോയിയുടെ യശസ്സിന്റെ തകരാത്ത അസ്തിവാരം. മണ്ണിന്റെ മണവും മനുഷ്യഹൃദയത്തിന്റെ മിടിപ്പും ഒരുപോലെ ഉൾക്കൊള്ളുന്ന കഥാപ്രപഞ്ചം സൃഷ്ടിച്ച ടോൾസ്റ്റോയ് റഷ്യയ്ക്ക് വിശ്വസാഹിത്യത്തിന്റെ ഭൂപടത്തിൽ അനശ്വരമായ സ്ഥാനം നേടിക്കൊടുത്ത ക്രാന്തദർശികളിൽ പ്രമുഖനാണ്. അദ്ദേഹത്തിന്റെ സമകാലികന്മാരായിരുന്നു വിശ്വവിഖ്യാതരായ ദസ്തയേവ്സ്കിയും ടർജീനിവും ചെക്കോവും എങ്കിലും റഷ്യൻ ജനതയുടെ സ്വഭാവവും ആത്മാവും ഹൃദയാവർജ്ജകമായി ആവിഷ്കരിക്കുകയും വ്യക്തമായി വ്യാഖ്യാനിക്കുകയും ചെയ്യുന്നതിൽ ടോൾസ്റ്റോയി നേടിയ സമ്പൂർണ്ണത അവകാശപ്പെടാൻ അവർക്കാർക്കും സാദ്ധ്യമല്ല തന്നെ.




മനുഷ്യമനസ്സിന്റെ നിഗൂഢതയിലേക്ക് അവിസ്മരണീയമായ ഉൾക്കാഴ്ച നൽകുന്ന അന്നാകരിനീനയെ തന്റെ ആദ്യത്തെ നോവലായാണ് ടോൾസ്റ്റോയി പരിഗണിച്ചത്. ചരിത്രനോവലിന്റെയും ഇതിഹാസത്തിന്റെയുമൊക്കെ ഛായയുള്ള യുദ്ധവും സമാധാനവും രചിക്കാൻ സ്വീകരിച്ച ഘടനയല്ല അന്നാകരിനീനയിൽ അദ്ദേഹം പിന്തുടർന്നത്. വിവാഹിതയും അമ്മയുമായ ഒരു യുവതിയുടെ ദുരന്തകഥയാണ് അന്നാകരിനീന.


കുടുംബ ബന്ധങ്ങളും എല്ലാത്തിലുമുപരി അവരുടെ കേന്ദ്രസ്ഥാനത്തുള്ള വ്യക്തിയുമാണ് ടോൾസ്റ്റോയിയുടെ പ്രധാന വിഷയം. ഈ നോവൽ ധാരാളം തവണ ചലച്ചിത്രമാക്കിയിട്ടുണ്ട്. പുസ്തക രൂപത്തിലും അഭ്രപാളിയിലും അതൊരു വൻ വിജയമായിരുന്നു. "എല്ലാം തന്നെ ഞാനതിൽ എഴുതിക്കഴിഞ്ഞു" എന്നാണ് നോവലിസ്റ്റ് തന്നെ ഈ രചനയെക്കുറിച്ച് പറഞ്ഞത്.

കണ്ടും കേട്ടും അനുഭവിച്ചും ടോൾസ്റ്റോയി അറിഞ്ഞ സംഭവങ്ങളാണ് ഇതിലെയും ഉള്ളടക്കം. ടോൾസ്റ്റോയിയുടെ സ്നേഹിതനായ 'ബിപിക്കോവി'ന് ഒരു കാമുകിയുണ്ടായിരുന്നു. ജർമ്മൻ വനിതയായ അന്നപിറോഗോവ. പ്രേമബന്ധത്തെത്തുടർന്നു വീടുവിട്ടിറങ്ങിപ്പോയ അന്ന പിറഗോവ 1872 ജനുവരി 4 ന് അടുത്തുള്ള റയിൽവേസ്റ്റേഷനിൽ വച്ച് ചരക്കുവണ്ടിക്ക് മുന്നിൽ ചാടി ആത്മഹത്യ ചെയ്തു. അന്നയുടെ പോസ്റ്റുമാർട്ടത്തിൽ ടോൾസ്റ്റോയിയും സന്നിഹിതനായിരുന്നു. അവളുടെ ശരീരത്തിന്റെ സ്ഥിതി ടോൾസ്റ്റോയിയിൽ കനത്ത ആഘാതം സൃഷ്ടിച്ചുവെന്ന് അദ്ദേഹത്തിന്റെ ഭാര്യ സോഫിയ തന്റെ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് പടർന്നു പന്തലിച്ച 'അന്നാകരിനീന'യുടെ ബീജവസ്തുവാണിത്.

എട്ടു ഭാഗങ്ങളായി തിരിച്ചിട്ടുള്ള നോവലിൽ മൂന്നു പ്രധാന ഇതിവൃത്തങ്ങൾ ഉണ്ട്. വോൺസ്കി-അന്ന, ലോവിൻ-കിറ്റി, അബ്ളോൻസ്കി-ഡോളി എന്നിങ്ങനെ മൂന്നു ജോഡി സ്ത്രീപുരുഷന്മാരാണ്

ഇവയിലുള്ളത്. അന്ന എന്ന കുടുംബിനിയുടെയും വ്രോൺസ്കി എന്ന യുവസൈനികോദ്യോഗസ്ഥന്റെയും പ്രേമകഥയാണ് നോവലിലെ കേന്ദ്രബിന്ദു. ഉയർന്ന സർക്കാരുദ്യോഗസ്ഥനായ ഭർത്താവ് കാരെനിനും ഏഴു വയസ്സുകാരനായ പ്രിയപുത്രൻ സിര്യോഷയും അടങ്ങിയതാണ് അന്നയുടെ കുടുംബം.

ടോൾസ്റ്റോയി കൈകാര്യം ചെയ്യുന്ന രണ്ടാമത്തെ കഥയിൽ ലോവിന്റെയും കിറ്റിയുടെയും പ്രേമസാക്ഷാത്കാരവും മാതൃകാപരമായ കുടുംബജീവിതവും മനോഹരമായി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ നിന്നും തികച്ചും വിഭിന്നമത്രെ അബ്ളോൻസ്കി-ഡോളി ദമ്പതികളുടെ ജീവിതചർച്ച. അലസനും അവിശ്വസ്തനുമായിരുന്ന അബ്ളോൻസ്കിയുടെ സ്വഭാവവൈകല്യങ്ങൾ സഹിഷ്ണുതയോടെ കൈകാര്യം ചെയ്ത് അഞ്ച് കുട്ടികളടങ്ങുന്ന കുടുംബത്തിന്റെ ഭാരം ശിരസ്സാവഹിക്കുന്ന ഡോളിയിലൂടെ ടോൾസ്റ്റോയി ഒരു ആദർശ മാതാവിനെയാണ് അവതരിപ്പിച്ചിരിക്കുന്നത്. കലാകുശലതയും സമചിത്തതയും അഗാധമായ മനഃശാസ്ത്ര വീക്ഷണവും കലർത്തിയാണ് നോവലിസ്റ്റ് ഈ കഥാതന്തുക്കൾ കൂട്ടിയിണക്കി പിരിമുറുക്കിയിട്ടുള്ളത്.



ധാർമ്മികതയുടെ അടിസ്ഥാനമില്ലാത്ത അനുരാഗം ഒരു കുടുംബിനിയെ ദുരന്തത്തിന്റെ അഗാധ ഗർത്തത്തിലേക്ക് തള്ളിവിടുന്നു എന്ന വിശുദ്ധ സത്യമാണല്ലോ ഈ നോവൽ പ്രദാനം ചെയ്യുന്നത്. അന്ന പിറ്റേഴ്സബർഗിലെ ഉയർന്ന ഉദ്യോഗസ്ഥനായ കരേനിന്റെ ഭാര്യയാണ്. ആ ഭാര്യയാണ് തണുപ്പനായ അലക്സികരേനിനെ വിട്ട് സുഭഗനായ വ്രോൺസ്കിയോടൊപ്പം ഇറങ്ങിപ്പോയത്. അന്ന അയാളിൽ നിന്നും ഗർഭിണിയായി. അതോടെ അന്നയുടെ ജീവിതം ദിനംപ്രതി വഷളായിവന്നു. വ്രോൺസ്കിക്ക് മറ്റു സ്ത്രീകളുമായി ബന്ധമുണ്ടെന്നും ഒരു പ്രഭുവംശജയെ അയാൾ വിവാഹം കഴിക്കാൻ പോവുകയാണെന്നും അന്ന സംശയിക്കാൻ തുടങ്ങി. അവസാനം ഗത്യന്തരമില്ലാതെ തന്റെ പ്രവർത്തികളിൽ പശ്ചാത്താപവും ജീവിതത്തിൽ വെറുപ്പും തോന്നി തീവണ്ടിയുടെ മുമ്പിൽ ചാടിവീണ് അവൾ ആത്മഹത്യ ചെയ്യുന്നു.

സമസ്ത ഭാര്യാധർമ്മങ്ങളെയും നിശ്ശേഷം ധ്വംസിച്ചിട്ടും അനുവാചകന് അവജ്ഞ തോന്നാത്ത വിധം പ്രാതികൂല്യങ്ങളുടെ പ്രവാഹത്തിൽപ്പെട്ടു വിനാശത്തിലേക്ക് അനുദിനം വഴുതിക്കൊണ്ടിരുന്ന ഒരശരണയായാണ് ടോൾസ്റ്റോയി അന്നയെ ചിത്രീകരിക്കുന്നത്. സ്വന്തം ഭർത്താവിനെയും മകനെയും ഉപേക്ഷിച്ച് കാമുകപ്രേമത്തിൽ നിർവൃതി നേടുന്ന സുന്ദരിയായ അന്ന ഗുരുതരമായ സന്മാർഗ്ഗ ലംഘനമാണ് നടത്തുന്നതെന്ന് വ്യക്തമാണ്. പക്ഷെ അകത്തൊന്നും പുറത്തു മറ്റൊന്നുമായി ഇരട്ടജീവിതം നയിക്കാതെ തന്റെ വികാരങ്ങളോട് തികച്ചും സത്യസന്ധത പുലർത്തുന്നതിനാൽ വായനക്കാർക്ക് അവളോട് എല്ലായ്പ്പോഴും സഹാനുഭൂതി മാത്രമേയുള്ളു. സ്നേഹമെന്തെന്നറിയാത്ത ശുഷ്കഹൃദയനായ ഭർത്താവിൽ നിന്നു ലഭിക്കാത്ത അഗാധവും ആവേശകരവുമായ വികാര സംതൃപ്തിക്കുവേണ്ടി മാതൃത്വവും സമുദായ മര്യാദകളും വെടിഞ്ഞ അന്ന തന്നെ ക്രൂരമായി തിരസ്കരിക്കുന്ന സമുദായം കാമുകനായ വ്രോൺസ്കിയെ മാന്യനായി ത്തന്നെ അംഗീകരിക്കുന്നതു കാണുമ്പോൾ നമുക്ക് അമ്പരക്കേണ്ടിവരുന്നു.

അന്നയുടെ അന്ത്യം ആരെയും ഞെട്ടിപ്പിക്കുക തന്നെ ചെയ്യും. തീവണ്ടിയുടെ അടിയിൽ മാംസക്കഷണങ്ങളായി ചിന്നിച്ചിതറുന്ന ആ സൗന്ദര്യം ഭയാനകമായ ഒരു വേദനയായി സഹതാപത്തിന്റെ തരംഗങ്ങളുയർത്തിക്കൊണ്ട് നമ്മുടെ അന്തരംഗത്തിൽ നില നില്ക്കുന്നു. കൂടെത്തന്നെ നമ്മെ അനന്തമായി ചിന്തിപ്പിക്കുകയും ചെയ്യുന്നു. സുന്ദരിയും പ്രണയവതിയും ബുദ്ധിമതിയുമായ അന്ന തീവണ്ടിയുടെ മുമ്പിൽ ജീവിതം സ്വയം വലിച്ചെറിഞ്ഞതിൽ ആശ്ചര്യം പ്രകടിപ്പിച്ച ഒരു വക്താവിനോട് ടോൾസ്റ്റോയി പറഞ്ഞുവത്രേ "അവർ ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നതിൽ നിന്നും വളരെ വ്യത്യസ്തമായിട്ടാണ് എന്റെ നായികാനായകന്മാർ പലപ്പോഴും പെരുമാറുക".

ദുരന്തത്തിൽ കൊത്തിയെടുത്ത നോവൽ ശില്പമാണ് അന്നാ കരിനീന. അപ്പോൾ തന്നെ അത് റിയലിസ്റ്റിക് ശൈലിയിൽ രചിക്കപ്പെട്ട കെട്ടുറപ്പുള്ള കലാശില്പവുമാണ്. സ്ത്രീപുരുഷ ബന്ധത്തിന്റെ ഗതിവിഗതികളെ ആസ്പദമാക്കിയുള്ള വിശിഷ്ടമായ ഒരു നോവൽ രചിക്കുന്നതോടൊപ്പം മതപരമായ സമുന്നതാദർശങ്ങളും ധാർമ്മികമൂല്യങ്ങളും പ്രചരിപ്പിക്കുക കൂടിയായിരുന്നു അദ്ദേഹത്തിന്റെ രചനാലക്ഷ്യം എന്ന് ഈ കൃതി തെളിയിക്കുന്നു. ●

# കർണ്ണാടക സംഗീതം – ആസ്വാദനം, ഒരു പഠനം

# 8



പി. വിജയാംബിക

*"അനന്തശാസ്ത്രം ബഹുലാശ്ച വിദ്യാഃ*
*അൽപശ്ച കാലോ ബഹുവിഘ്നതാ ച*
*യൽ സാരഭൂതം തദുപാസിതവ്യം*
*ഹംസോ യഥാ ക്ഷീരമിവാംബുമധ്യാത്"*

ശാസ്ത്രം അവസാനമില്ലാതെ കിടക്കുന്നു. നേടാനുള്ള അറിവോ വളരെ അധികവും. സമയം വളരെ കുറവ് തടസ്സങ്ങളേറെ. അപ്പോൾ ഹംസം വെള്ളത്തിൽ നിന്ന് പാൽ വേർതിരിക്കുന്നതു പോലെ സാരമായതു പഠിക്കുക.

സംഗീതത്തെക്കുറിച്ച് ശാർങ്ഗദേവന്റെ അഭിപ്രായം.

*"ഗീതം, വാദ്യം, തഥാനൃത്തം ത്രയം സംഗീതമുപത്യതേ*
*നൃത്തം വാദ്യാനുഗംപ്രോക്തം*
*വാദ്യം ഗീതാനുവർത്തിപ*
*അതോഗീതം പ്രധാനത്വാദത്രാ വദിധീയതേ"*

*(സംഗീതരത്നാകരം)*


നൃത്തം വാദ്യത്തെയും വാദ്യം ഗീതത്തേയും ആശ്രയിച്ചിരിക്കുമ്പോൾ ഗീത–വാദ്യ–നൃത്തങ്ങളായ തൗര്യത്രികത്തെ 'തൗര്യത്രികം തുമത്തേഭ സ്താളസ്തസ്യങ്കുശോമത'. മദയാനയ്ക്കു തുല്യമായ ഗീതവാദ്യനൃത്തങ്ങളായ തൗര്യത്രികങ്ങൾക്ക് താളം ഒരു കടിഞ്ഞാൺ/തോട്ടി പോലെയാണ് എന്നാണ് ഉപമ. എന്തെന്നാൽ ഇവ മൂന്നും താളത്തിൽ അധിഷ്ഠിതമാണ്. 'തലന്തി നിഷ്ഠന്തി ഗീത വാദ്യനൃത്താന്യത്രേതി താളഃ' എന്നാണു പ്രമാണം.

ചലനാത്മകമായ ഈ പ്രപഞ്ചത്തിന്റെ ഗതി തന്നെ താളനിബദ്ധമാണ്. ശ്രുതി മാതാവും ലയം പിതാവുമായ സംഗീതത്തെ നിബദ്ധം, അനിബദ്ധം, അതായത് താളനിബദ്ധതകളോടുകൂടിയത്, താളനിയമങ്ങളൊന്നും ബാധകമാകാത്തത് എന്നു രണ്ടായി തിരിച്ചിരിക്കുന്നു. എന്നാൽ അനിബദ്ധ സംഗീതത്തിൽക്കൂടി അന്തർലീനമായ പരോക്ഷമായ ഒരു കാലപ്രമാണമുണ്ട്.

സമയത്തിന്റെ അളവിനെ കുറിക്കുന്നതാണ് അപരിമേയമായ കാലം. കാലപ്രമാണം കൃത്യമായി പാലിക്കേണ്ട തൗര്യത്രികത്തിലെ ഒരു വിഭാഗമായ നൃത്തത്തിൽ വച്ച് അതിശ്രേഷ്ഠങ്ങളായ പരമശിവന്റെ 'താണ്ഡവ'വും പാർവ്വതിയുടെ 'ലാസ്യ'വും ചേർന്ന് അവയുടെ ആദ്യാക്ഷരങ്ങളിലൂടെ ഉണ്ടായ വാക്കാണ് 'താളം' എന്നതാണ് അഭിജ്ഞമതം. അതിസൂക്ഷ്മമായ കാലയളവിനെ കൃത്യമായും ക്രമമായും കണക്കാക്കാനായി ശബ്ദാവർത്തിയുടെ ചെറിയ ചെപ്പുകളിൽ നിബദ്ധിക്കാൻ ശ്രമിക്കുന്ന പ്രവൃത്തി വിശേഷമാണ് താളം.

ഏറെ വൈവിദ്ധ്യവും അതിസങ്കീർണ്ണവുമായ, ലോകസംഗീതത്തിൽത്തന്നെ കിടയറ്റതായ ഒരു താളപദ്ധതിയാണ് ഭാരതത്തിൽ നിലവിലുണ്ടായിരുന്നത്. എന്നാൽ സംഗീതപിതാമഹൻ ശ്രീ പുരന്ദരദാസർ രചിച്ചിട്ടുള്ള സൂലാദികൾ എന്ന ഭക്തിരസപ്രദാനങ്ങളായ താളമാലികാ സംഗീതരൂപങ്ങളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള സൂലാദി സപ്തതാളങ്ങളാണ് ആധുനിക കാലഘട്ടത്തിൽ പ്രാബല്യത്തിലുള്ളത്. ശ്രീ വെങ്കിടമഖിയുടെ 'ചതുർദണ്ഡിപ്രകാശിക'യിൽ പ്രതിപാദിച്ചിരിക്കുന്ന സൂലാദി സപ്തതാളങ്ങളും അതുതന്നെയാണ്. അനുദ്രുതം (ഒരക്ഷരകാലം), ദ്രുതം (രണ്ടക്ഷരകാലം), ലഘു (ജാതിഭേദമനുസരിച്ച്) എന്നീ അംഗങ്ങൾ കൊണ്ട് തിശ്രം (മൂന്നക്ഷരകാലം), ചതുരശ്രം (നാലക്ഷരകാലം), ഖണ്ഡം (അഞ്ചക്ഷരകാലം), മിശ്രം (ഏഴക്ഷരകാലം), സങ്കീർണ്ണം (ഒൻപതക്ഷകരകാലം) എന്നീ അഞ്ചു ജാതികളിലുമായി ചിട്ടപ്പെടുത്തിയ ധ്രുവം(1011), മഠ്യം (101), രൂപകം (01), ഝംപ (1110), ത്രിപുട (100), അട (1100), ഏക (1) എന്നീ ഏഴു താളങ്ങൾ 7 X 5 എന്ന് മുപ്പത്തഞ്ചു താളങ്ങളാകുന്നു. ഈ മുപ്പത്തഞ്ച് താളങ്ങൾ തന്നെ അഞ്ചു ജാതികളും ലഘുവിനു മാത്രമല്ലാതെ താളത്തിന്റെ എല്ലാ അംഗങ്ങൾക്കും ഗതി എന്ന നിലയിൽ അഞ്ചു ഭേദങ്ങൾ ബാധകമാകുമ്പോൾ മുപ്പത്തഞ്ചു താളങ്ങളും 35 X 5 എന്ന് 175 താളങ്ങളായി പരിണമിക്കുന്നു. ഈ ഗതിഭേദം ചില കീർത്തനങ്ങളിലെ മുഖ്യ ഇനമായ രാഗം–താനം–പല്ലവിയിലെ പല്ലവിയിലും മനോധർമ്മ സ്വരപ്രസ്താരത്തിലും പ്രയോഗിച്ചുകാണുന്നു.

രാഗതാളനിയമങ്ങൾ നിഷ്കർഷമായി പാലിച്ചു കൊണ്ടുള്ള കല്പിത സംഗീതത്തിൽപ്പെടുന്ന





അഭ്യാസഗാനവും ഒപ്പം തന്നെ സദാഗണത്തിന് നാന്ദികുറിയ്ക്കാൻ ഉൾപ്പെടുത്തുന്ന സംഗീതരൂപകമാണ് വർണ്ണം. വർണ്ണം എന്ന വാക്കിന് നിറം, ചായം, അക്ഷരം, ജാതി, ശ്രുതി, ഗീതക്രമം എന്നിങ്ങനെ പല അർത്ഥങ്ങളും കല്പിച്ചു ചാർത്തപ്പെട്ടിട്ടുണ്ടെങ്കിലും ശാർങ്ഗദേവന്റെ സംഗീതരത്നാകരത്തിൽ വർണ്ണം നിർവ്വചിക്കപ്പെട്ടിരിക്കുന്നത് 'ഗാനക്രിയ' എന്നാണ്. രാഗഭാവം മുഴുവൻ ആവാഹിച്ച് അവയിലെ വിശേഷരഞ്ജകപ്രയോഗങ്ങൾ, വിശേഷ സഞ്ചാരങ്ങൾ, അപൂർവ്വസഞ്ചാരങ്ങൾ, ജണ്ഡ-ധാട്ടു പ്രയോഗങ്ങൾ ഇവയെല്ലാം സ്പഷ്ടമാക്കുന്ന ഏറ്റവും പ്രാധാന്യമർഹിക്കുന്ന താളനിബദ്ധമായ അഭ്യാസഗാനമാണ് വർണ്ണം. സംഗീത അഭ്യസനം ഗൗരവമായി കാണാൻ തുടങ്ങുന്ന ഒരു വിദ്യാർത്ഥി ഏറ്റവും ശ്രദ്ധയും നിഷ്കർഷയും നൽകേണ്ടത് വർണ്ണാഭ്യസനത്തിനാണ്. രാഗസ്വരൂപം വ്യക്തമാക്കുന്ന വിജ്ഞാനപ്രദമായ ഈ സംഗീതരൂപം രാഗഭാവം, ലയജ്ഞാനം, താളബോധം, ഇവ വളർത്തുവാൻ സഹായകമാകും. വർണ്ണങ്ങളെക്കുറിച്ചുള്ള സാമാന്യ അറിവ് ഒരു നല്ല ആസ്വാദകനും ഗൗരവതരമായ ആസ്വാദനത്തിന് ഏറെ ഗുണം ചെയ്യും.

ഗീതം, സ്വരജതി ഇവയ്ക്കു ശേഷം വരുന്ന അവയുടെ തുടർച്ചയായുള്ള സാഹിത്യത്തോടുകൂടിയ സംഗീതരൂപമാണ് വർണ്ണം. ഇവയിലെ സാഹിത്യം ഭക്തിയോ ശൃംഗാരമോ പ്രശംസയോ വിഷയമായിട്ടുള്ള വളരെ കുറഞ്ഞ സാഹിത്യവും ബാക്കി അകാര-ഇകാര-ഉകാരാദികൾ അടങ്ങുന്നതുമായിരിക്കം. വർണ്ണങ്ങളിൽത്തന്നെ താനവർണ്ണം, പദവർണ്ണം, ദരുവർണ്ണം എന്നിങ്ങനെ മൂന്നിനങ്ങളുണ്ട്.

പല്ലവി, അനുപല്ലവി, മുക്തായിസ്വരം (ചിട്ടസ്വരം) എന്നിവയടങ്ങുന്ന പൂർവ്വാംഗത്തോടും, ചരണം (എത്തുക്കടപല്ലവി-ഉപപല്ലവി), ചരണസ്വരങ്ങൾ (എത്തുക്കടസ്വരങ്ങൾ) എന്നിവയടങ്ങുന്ന

## ആദരാഞ്ജലികൾ - **കരുവാറ്റ രവീന്ദ്രൻ**



പ്രശസ്ത നാദസ്വരവിദ്വാന്മാരായിരുന്ന കരുവാറ്റ ബ്രദേഴ്സിലെ കരുവാറ്റ രവീന്ദ്രൻ അന്തരിച്ചു. 58 വയസ്സായിരുന്നു. തിരുവിതാംകൂർ ദേവസ്വംബോർഡിലെ വിവിധ ക്ഷേത്രങ്ങളിൽ നാദസ്വരവിദ്വാനായി 32 വർഷം സേവനമനുഷ്ഠിച്ച് ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിൽ നിന്നാണ് 2 വർഷം മുമ്പ് വിരമിച്ചത്. കരുവാറ്റ ഞാനിയത്ത് പടീറ്റതീൽ നാണുവിന്റെയും കാർത്ത്യായനിയുടെയും മകനായി 1961 ൽ ജനനം. കരുവാറ്റാ ദിവാകരൻ ഭാഗവതരിൽ നിന്നും ആദ്യപാഠങ്ങൾ അഭ്യസിച്ചു. തുടർന്ന് ഹരിപ്പാട് ചെല്ലപ്പപ്പണിക്കരുടെ ശിഷ്യത്വം സ്വീകരിച്ചു. സഹോദരങ്ങളായ നടരാജൻ (നാദസ്വരം), സത്യപാലൻ (തവിൽ), ഗോപാലകൃഷ്ണൻ (താളം) എന്നിവരുമൊത്ത് നിരവധി വേദികൾ കേരളത്തിനകത്തും പുറത്തും പങ്കിട്ടു. മറ്റു സഹോദരങ്ങൾ സഹദേവൻ , തങ്കമ്മ. നിരവധി അവാർഡുകളും ആദരവുകളും ഏറ്റുവാങ്ങിയിട്ടുണ്ട്. ഭാര്യ ദേവയാനി, മകൻ അമ്പാടി. രാഗലയം ശ്രുതിയുടെ ആദരാഞ്ജലികൾ

ഉത്തരാംഗത്തോടും കൂടിയവയാണ് വർണ്ണങ്ങൾ. നട താനരൂപത്തിലുള്ള താനവർണ്ണങ്ങളിൽ പല്ലവി, അനുപല്ലവി, ചരണം എന്നിവയ്ക്കു മാത്രമേ സാഹിത്യം ഉണ്ടാകാറുള്ളു. മുക്തായിസ്വരം, ചരണ സ്വരം ഇവയ്ക്ക് സ്വരങ്ങൾ മാത്രമേ കാണപ്പെടു ന്നുള്ളു. വർണ്ണങ്ങൾ മൂന്നു കാലങ്ങളിലും പാടിയോ സംഗീതോപകരണത്തിൽ വായിച്ചോ അഭ്യസിക്കുന്നത് സ്വരജ്ഞാനം വളരാനും താള ബോധം, കാലപ്രമാണം എന്നിവ ഉറയ്ക്കുന്ന തിനും സഹായകമാകും. കച്ചേരികളിൽ വർണ്ണ ങ്ങൾ രണ്ടു കാലങ്ങളിലും സാധിക്കുമെങ്കിൽ തിശ്രഗതിയിലും പാടിക്കൊണ്ടോ ഉപകരണത്തിൽ വായിച്ചുകൊണ്ടോ ആരംഭം കുറിക്കുന്നത് ഗായ കന് കണ്ഠശുദ്ധി വരുത്തുവാനും നല്ല മേളക്കൊഴു പ്പോടെ ഊർജ്ജ്വവും ഉണർവ്വും ഉന്മേഷവും പ്രദാനം ചെയ്യുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കു വാനും പ്രാപ്തമാക്കും. സാധാരണയായി ചതുരശ്ര ജാതി ത്രിപുട (ആദി), ഖണ്ഡജാതി അട (വിദള) എന്നീ താളങ്ങളിലാണ് വർണ്ണങ്ങൾ രചിക്കപ്പെട്ടിട്ടു ള്ളത്. എന്നാൽ മിശ്രജാതിത്സംപ (സുര) ചതുരശ്ര ജാതിരൂപകം (പത്തി) എന്നീ താളങ്ങളിലും അപൂർവ്വമായി വർണ്ണങ്ങൾ രചിക്കപ്പെട്ടു കാണുന്നു ണ്ട്. പട്ടണം സുബ്രഹ്മണ്യയ്യർ രചിച്ചിട്ടുള്ള കേദാര ത്തിലെ പല്ലവിയിൽ തുടങ്ങി ശങ്കരാഭരണത്തിലെ അനുപല്ലവിയും കല്യാണി, ബേഗഡ എന്നിവയിലെ മുക്തായി സ്വരവും, കാംബോജിയിലെ ചരണവും, യദുകുലകാംബോജി, ബിലഹരി, മോഹനം, ശ്രീരാഗം എന്നീ രാഗങ്ങളിലെ ചരണസ്വരങ്ങളുമട ങ്ങുന്ന ആദിതാളത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള നവ രാഗമാലികാവർണ്ണം ഓരോ സംഗീതവി ദ്യാർത്ഥിയും അഭ്യസിച്ചിരിക്കേണ്ടതാണ്. അടുത്ത കാലത്തായി പ്രഫസർ സാംബമൂർത്തി രചിച്ച ദിന രാഗമാലിക വർണ്ണം തുടങ്ങുന്നത് പല്ലവി ബിലഹരി യിലും അനുപല്ലവി ധന്യാസിയിലും, മുക്തായി സ്വരം മധ്യമാവതി, കല്യാണി എന്നീ രാഗങ്ങളിലും ചരണസ്വരങ്ങൾ പൂർവ്വികല്യാണി, കേദാരഗൗള, മോഹനം, ഭൂപാളം എന്നീ രാഗങ്ങളിലുമാണ്.

ശ്രീ മുത്തുസ്വാമി ദീക്ഷിതർ രചിച്ച വളരെ അപൂർവ്വമായ 'സരിഗനിധനി' എന്നു തുടങ്ങുന്ന തോടിരാഗത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള സാഹിത്യം ഇല്ലാതെ സ്വരങ്ങൾ മാത്രം അടങ്ങിയ 'സ്വരസ്ഥാന വർണ്ണം' ആ വിഭാഗത്തിൽ ഏകരചനയാണ്. ശ്രീ. എൻ.സി. പാർത്ഥസാരഥി രചിച്ച 27 രാഗങ്ങൾ അട ങ്ങിയ നക്ഷത്രരാഗമാലികാ താനവർണ്ണത്തിൽ ഓരോ ആവർത്തനത്തിലും രണ്ടു രാഗങ്ങൾ വീത മാണുള്ളത്. നാട്ടരാഗത്തിൽ 'ഇന്ത കോപ' എന്ന പല്ലവിയിൽ തുടങ്ങി ഗൗളയിൽ അനുപല്ലവിയും വരാളി, ആരഭി എന്നീ രാഗങ്ങളിലുള്ള മുക്തായി സ്വരവും ശ്രീരാഗത്തിലുള്ള ചരണവും നാരായണ ഗൗള, രീതിഗൗള, സാരംഗനാട്ട, ഭൂപാളം, കേദാരം എന്നീ രാഗങ്ങളിലുള്ള ചരണസ്വരങ്ങളോടുംകൂ ടിയ ഘനരാഗമാലികാ താനവർണ്ണത്തിൽ പത്തു രാഗങ്ങളാണുള്ളത്. മദ്ധ്യമാവതി രാഗത്തിലെ പല്ല വിയിൽ തുടങ്ങി, മദ്ധ്യമാവതിയിലെ രി, മ, പ, നി എന്നീ ഓരോ സ്വരങ്ങളെയും ശ്രുതിഭേദം ചെയ്ത് വഴിക്കുവഴിയെ ഹിന്ദോളം, ശുദ്ധസാവേരി, ശുദ്ധധ ന്യാസി, മോഹനം എന്നീ അഞ്ചു രാഗങ്ങള ടങ്ങിയതാണ് ഗ്രഹഭേദരാഗമാലികാ താനവർണ്ണം.


പച്ചിമിറിയം ആദിയപ്പയ്യാ, രാമനാഥപുരം ശ്രീനി വാസയ്യങ്കാർ, മാനംപൂച്ചാവടി വെങ്കിടസുബ്ബയ്യർ, വീണാ കുപ്പച്ചർ, പല്ലവി ഗോപാലയ്യർ, പട്ടണം സുബ്രഹ്മണ്യയ്യർ, തിരുവൊറ്റിയൂർ ത്യാഗയ്യർ, കോത്തവാസൽ, വെങ്കിട്ടരമണഭാഗവതർ, കരൂർ ചിന്ന ദേവുഡയ്യ, പെദ്ദ ശിങ്കാരാചാരുലു, സ്വാതിതി രുനാൾ, വടിവേലു, പരമേശ്വര ഭാഗവതർ, മുത്തയ്യാ ഭാഗവതർ തുടങ്ങിയവരാണ് ആദ്യകാ ലത്തെ താനവർണ്ണ രചയിതാക്കൾ.

താനവർണ്ണങ്ങൾ അധികവും തെലുങ്കു ഭാഷയി ലാണ് രചിക്കപ്പെട്ടിട്ടുള്ളത്. അപൂർവ്വം മണിപ്രവാള ത്തിലും തമിഴിലും രചിക്കപ്പെട്ടിട്ടുണ്ട്.

ഇവ കൂടാതെ നല്ലൽ ചക്രവർത്തി മൂർത്തി 72 മേളകർത്താ രാഗങ്ങളിലും വർണ്ണങ്ങൾ രചിച്ചിട്ടു ണ്ട്. ആധുനിക കാലഘട്ടത്തിലെ വർണ്ണരചയിതാ ക്കളിൽ ശ്രദ്ധേയനായ വയലിൻ വിദ്വാൻ ലാൽഗുഡി ജയരാമൻ രചിച്ച വർണ്ണങ്ങൾ കർണ്ണാ ടകസംഗീതത്തിന്റെ സൗന്ദര്യശാസ്ത്രത്തിന് ഊന്നൽ നൽകിക്കൊണ്ട് തമിഴ് ഭാഷയുടെ സാഹി ത്യഭംഗി മുഴുവൻ ആവാഹിച്ചെടുത്തവയായതി നാൽ ഏറെ ജനരഞ്ജകങ്ങളാണ്. ശ്രീ. റ്റി.ആർ. ബാലസുബ്രഹ്മണ്യം, ഡോ. എം. ബാലമുരളീകൃ ഷ്ണ, ശ്രീ. എ.എസ്. പഞ്ചാപകേശയ്യർ തുടങ്ങിയ ആധുനിക വർണ്ണകർത്താക്കളുടെ രചനകളും പ്രാബല്യം നേടി വരുന്നു.

ഓരോ രാഗത്തിന്റെയും ഗമക വൈവിദ്ധ്യങ്ങൾ, ആലാപനാ സാദ്ധ്യതയും വ്യാപ്തിയും, രാഗവ ദ്ധനാ സഞ്ചാരങ്ങൾ, വിരാമരീതികൾ, സ്വരസമൂഹ ഘടന, സ്വരപ്രസ്താര സാദ്ധ്യതകൾ, ഗ്രഹസ്വരം (ആരംഭിക്കുന്ന സ്വരം), ന്യാസസ്വരം (സഞ്ചാര ങ്ങൾ പര്യവസാനിക്കുന്ന സ്വരം), അംശസ്വരം (രാ ഗത്തിന്റെ സംഗീതാത്മകതയെ എടുത്തുകാട്ടുന്ന സ്വരം), ജീവസ്വരം അഥവാ രാഗച്ഛായാസ്വരം, വിശ്രാന്തിസ്വരം ഇവയെക്കുറിച്ചെല്ലാം വ്യക്തമായ ധാരണയുണ്ടാകുവാനും ലക്ഷ്യ-ലക്ഷണജ്ഞാനം വളരുവാനും അങ്ങിനെ സംഗീതശാസ്ത്രത്തിന്റെ വ്യാകരണബദ്ധമായ ഒരു പഠനത്തിനു വിദ്യാർത്ഥിയെ പ്രാപ്തനാക്കുവാനും വർണ്ണമെന്ന വിജ്ഞാനദായകമായ സംഗീതരൂപത്തിന്റെ അഭ്യ സനത്തിനു സാധിക്കും. അതുകൊണ്ടുതന്നെ ഏറെ പഠനങ്ങളും ഗവേഷണങ്ങളും നടന്നുകഴിഞ്ഞതും ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതുമായ ഒരു ഗാനശാഖയാണ് വർണ്ണങ്ങൾ.

(തുടരും)



# വയലാറിന്റെ ഭക്തിഗാനങ്ങൾ



രാജാ ശ്രീകുമാർ വർമ്മ

***"ഭാരതം കേട്ട പ്രണവം കണ ക്കൊരു***
***നാമസങ്കീർത്തനാലാപനം***
***പാലാഴിയിലെ പ്രപഞ്ചസത്യ ത്തിനെ***
***പള്ളിയുണർത്തുക നമ്മൾ"***
(സത്യത്തിനെത്ര വയസ്സായി)

***"കൊല്ലുകയാണയാൾ വൃന്ദാവന ത്തിലെ***
***പുല്ലാങ്കുഴലിനെ, സ്നേഹൈകോ ലനെ"***
(കുചേലൻ കുഞ്ഞൻ നായർ)

ഇതെഴുതിയ വയലാർ രാമ വർമ കമ്യൂണിസത്തിന്റെ വക്താ വായിരുന്നുവെന്നും സഹയാത്രി കരനായിരുന്നുവെന്നും ചില കുബുദ്ധികളും വിവരദോഷി കളും പ്രചരിപ്പിച്ചു പോരുന്നുണ്ട്. കമ്യൂണിസത്തിന്റെ പിളർപ്പുവരെ ഒരു 'ഫാഷൻ' എന്ന നിലയിലേ വയലാർ രാമവർമ്മ അതിൽ ആകൃഷ്ടനായിരുന്നുള്ളു. ഭാര തീയ പുരാണങ്ങളും ഇതിഹാസ ങ്ങളും ഉപനിഷത്തുകളും വേദ ങ്ങളും അദ്ദേഹത്തെ, പിൽക്കാ ലത്ത് മാർക്സിന്റെ ചിന്തകളിൽ നിന്ന് അകറ്റി എന്നതാണ് യാഥാർത്ഥ്യം. അവബോധം ഇല്ലാ യിരുന്നെങ്കിൽ വയലാർ ഒരി

ക്കലും മേൽ ഉദ്ധരിച്ച കവിതകൾ എഴുതുമായിരുന്നില്ല. ശാസ്ത്രഗായകനായിരുന്ന വയലാറിന്റെ 'പ്രോലെറ്റേറിയൻ ലിറ്ററേച്ചർ' തികഞ്ഞ മനുഷ്യകഥാനുഗായികത്വത്തിന്റെ ഉദാഹരണമാണ്. അദ്ദേഹത്തിന്റെ ഭക്തിഗാനങ്ങൾക്ക് ദൈവീകമായ ഒരു ഉദ്ബോധനമുണ്ടെന്നു കാണാം.

ഒരിക്കൽ മദ്രാസിൽ വച്ച് കണ്ടപ്പോൾ എന്റെ പിതാവ് (പ്രൊഫ. അമ്പലപ്പുഴ രാമവർമ) "നിരീശ്വരവാദിയാണെന്ന് അറിയപ്പെടുന്ന കുട്ടനെക്കൂടെയാണ് 'പദ്മരാഗപ്രഭവിടർത്തും തൃപ്പദങ്ങൾ ചുംബിക്കും കൃഷ്ണതുളസിപ്പൂക്കളാകാൻ വരുന്നു ഞങ്ങൾ' (ചെമ്പരത്തി സിനിമ - യേശുദാസ് പാടിയ 'ശരണമയ്യപ്പ') എന്നെഴുതുവാൻ കഴിഞ്ഞത് എന്ന് ചോദിക്കുകയുണ്ടായി. അനുഭൂതികൊണ്ടാണെന്നും സിദ്ധിയും സാധനയും കൈവരുന്നത് ഈശ്വരകടാക്ഷത്തിലൂടെയാണെങ്കിൽ അങ്ങനെതന്നെ വിളിച്ചോളൂ എന്ന് സാത്വികമായ മറുപടിയാണ് വയലാർ പറഞ്ഞത്.


'മണിവർണനെ ഇന്നു ഞാൻ
കണ്ടു സഖീ,
ആ വനമുരളീഗാനവിഹാരി ജീവ
നിലരുളി മധുമാരി'

എന്ന ഗാനം 'കൂടപ്പിറപ്പ്' എന്ന സിനിമയിൽ എം.എൽ. വസന്തകുമാരി പാടിയതാണ്. വയലാർ രചിച്ച് കെ. രാഘവൻ ഈണം പകർന്ന ഗാനം. ഭക്തിസാന്ദ്രമായ ഈ ഗാനം ഒരുകാലത്ത് ആകാശവാണിയിൽ ഒഴുകിയിരുന്നു. കൃഷ്ണഭക്തിനിർഭരമായ ഗാനങ്ങൾ വേറെയുമുണ്ട്. 'അടിമകൾ' എന്ന സിനിമയിൽ ദേവരാജൻ ഈണം നൽകി പി. സുശീല പാടിയ

'ചെത്തി മന്ദാരം തുളസി
പിച്ചകമാലകൾ ചാർത്തി,
ഗുരുവായൂരപ്പനിന്നെ
കണികാണേണം.
മയിൽപ്പീലി ചൂടിക്കൊണ്ടും
മഞ്ഞത്തുകിൽ ചുറ്റിക്കൊണ്ടും
മണിക്കുഴലൂതിക്കൊണ്ടും
കണികാണേണം'

എന്ന ഗാനം ഹൃദ്യസുന്ദരമാണ്.

'അഗതിയാം അടിയന്റെ
അശ്രുവീണു കുതിർന്നൊരീ
അവിൽപ്പൊതി കൈക്കൊള്ളുവാൻ
കണികാണേണം'







എന്ന ചരണത്തിൽ ആത്മനിവേദനം കൂടി അടങ്ങിയിരിക്കുന്നു. ഒതേനന്റെ മകൻ എന്ന ചിത്രത്തിൽ യേശുദാസ് പാടിയ

'ഗുരുവായൂരമ്പലനടയിൽ
ഒരുദിവസം ഞാൻ
പോകും
ഗോപുരവാതിൽ
തുറക്കും
ഞാൻ ഗോപകുമാരനെ
കാണും'

എന്ന പല്ലവി കവിയുടെ അഭിവാഞ്ഛ കൂടിയാണ്. 'ചട്ടക്കാരി' എന്ന ചിത്രത്തിൽ ദേവരാജൻ സംഗീതം നൽകി പി. ലീല പാടിയ 'നാരായണായ നമ' ഭക്തിയുടെ ഉദാത്ത ഭാവത്തിലെത്തുന്ന ഗാനമാണ്.

'ലക്ഷ്മീകടാക്ഷദല മാല്യങ്ങൾ
വീഴുമടിവക്ഷസ്സിലുള്ള
നവരത്നങ്ങളെ
മൂടും മുനീന്ദ്രരുടെ
പൂജാപ്രസാദമലർ
ചൂടാൻ വരംതരിക നാരായണ'







എന്ന വരികൾ മാത്രം മതി സഹൃദയർക്ക് കവിയെയും ഉപാസന ചെയ്യാൻ!

വയലാറിന്റെ ശിവസ്തുതികൾ 'അക്കരപ്പച്ച' സിനിമയിലെ

'ഏഴരപ്പൊന്നാനപ്പുറത്തെഴു
ന്നള്ളും ഏറ്റുമാനൂരപ്പാ
തൊഴുന്നേൻ തൊഴുന്നേൻ തൊഴു
ന്നേൻ ഞാൻ
തിരുനാഗത്തളയിട്ട തൃപ്പാദം'

എന്ന ഗാനമാണ് ഏറെ പ്രസിദ്ധം.

'തരുമോ തൊഴുകൈക്കുമ്പിളിലെ
നിക്കു നിൻ
തിരുമുടിപ്പുഴയിലെ (ഗംഗ)
തീർത്ഥജലം'

എന്ന വരി മനസ്സിന്റെ സകല പാപങ്ങളെയും കഴുകുന്നു.

'കൈലാസശൈലാധി നാഥാ
കൈതൊഴാം ശ്രീപദം
താളത്തിൽ ഓങ്കാരത്തുടികൊട്ടും
നേരം
താണ്ഡവമാടുന്ന തൃപ്പാദം'

എന്ന ഗാനം സ്വാമിഅയ്യപ്പനിലെയാണ്. ശ്രീകാന്തിനോടൊപ്പം ലീല പാടുന്നത് സന്താനഗോപാല സ്തുതിയാണ്.

വാഴ്‌വേമായത്തിലെ 'ഭഗവാനൊരു കുറവനായി ശ്രീപാർവ്വതി കുറത്തിയായി' എന്ന ഗാനം പരിഭവഭക്തിയ്ക്ക് ഉദാഹരണമാണ്.

'ശക്തിമയം ശിവശക്തിമയം
ഭക്തിമയം ഭുവനം ബ്രഹ്മമയം'

എന്ന ഗാനം 'ദേവി കന്യാകുമാരി'യിലെയാണ്. 'ദേവീകന്യാകുമാരി' എന്നു തുടങ്ങുന്ന ഗാനത്തിലെ ചരണത്തിൽ സന്ധ്യയ്ക്ക് ലളിതാസഹസ്രനാമം ചൊല്ലുന്ന സംസാരസാഗര തിരകളിൽ ഈറനുടുത്തുവന്നു കനകകലശമാടുന്ന ഹിമഗിരിനന്ദിനീ രൂപമായി ദേവിയെ വർണ്ണിച്ചിരിക്കുന്നു! ആദ്യകാല ചിത്രമായ 'കാവ്യമേള'യിലെ 'ജനനീ ജഗജ്ജനനിയും' 'സ്വരാരഗരൂപിണീ സരസ്വതി'യും യേശുദാസിന്റെ ശ്രുതമനോഹര ഗാനങ്ങളാണ്.

'ശബരിമലയിൽ തങ്കസൂര്യോദയം
ഈ സംക്രമപ്പുലരിയിൽ
അഭിഷേകം
ഭക്തകോടി തേടിയെത്തും
സന്നിധാനത്തിൽ
വന്നെത്തുമെന്റെ ഹൃദയവും
ഉടുക്കും കൊട്ടി'

സ്വാമിഅയ്യപ്പനിലെയാണ് ഈ ഗാനം. ഹൃദയസ്പന്ദനത്തെ ഉടുക്കുകൊട്ടായി സങ്കല്പിച്ച ഈ വരികളുടെ വൈശിഷ്ട്യം ശ്ലാഘനീയമാണ്. 'തേടിവരും കണ്ണുകളിൽ ഓടിയെത്തും സ്വാമി'യുടെ ലാളിത്യവും ശ്രദ്ധിക്കുക! നാഗത്തന്മാരെയും ഗന്ധർവനെയും കുറിച്ച് വയലാർ ഗാനങ്ങളെഴുതി.

ക്രിസ്തീയ ഭക്തിഗാന രചനയിലും വയലാർ അദ്വിതീയനായിരുന്നു. 'നിത്യവിശുദ്ധയാം കന്യാമറിയമേ' (ചിത്രം – നദി) എന്ന ഗാനമാണ് ശ്രദ്ധേയം. ശ്രവണം, കീർത്തനം, സേവനം, സ്മരണം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം എന്നീ നവഭക്തിഭാവങ്ങളും മാമതി, രാജസി, സാത്വികി, ഗുണാതീത എന്നീ ഭക്തി ചതുഷ്ടയവും വയലാറിന് ഹൃദിസ്ഥമായിരുന്നു എന്ന് അദ്ദേഹത്തിന്റെ ഗാനങ്ങളെ വിശകലനം ചെയ്താൽ ബോധ്യമാകുന്നതത്രേ.

●

## സംഗീതാമൃതകഥാമാലിക

# തിരുനാവുക്കരശർ (അപ്പർ)






'കലാശ്രീ' കോട്ടയം വീരമണി

തമിഴ്നാട്ടിലെ എല്ലാ ശിവ ക്ഷേത്രങ്ങളിലും പ്രത്യക്ഷമായോ പരോക്ഷമായോ പൂജിക്കപ്പെടുന്ന ശൈവഭക്തരാണ് 'നായനാർമാർ'. ഇവർ 63 പേരാണ്. ഈ അറുപ ത്തിമൂന്നുപേരിൽ ഏറ്റവും പ്രധാ നികളായിരുന്ന തിരുനാവുക്കര ശർ, തിരുജ്ഞാനസംബന്ധർ എന്നിവർ ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നവരും സുഹൃത്തുക്ക ളുമായിരുന്നു. മൂന്നാമത്തെയാൾ ഒൻപതാം നൂറ്റാണ്ടിൽ ജീവിച്ചി രുന്ന 'സുന്ദരമൂർത്തി' നായനാരാ ണ്. 'ശൈവമതാചാര്യന്മാർ' എന്ന് പുകൾപെറ്റ 'നാൽവരി'ൽ മറ്റൊ രാൾ 11-ാം നൂറ്റാണ്ടിൽ ജീവിച്ചി രുന്ന 'മാണിക്കവാസഗർ' ആണ്. മാണിക്കവാസഗർ മേൽപ്പറഞ്ഞ 63 പേരിൽപ്പെടുന്നില്ല. എന്നാൽ പാണ്ഡ്യരാജാവിന്റെ മന്ത്രിയായി രുന്ന മാണിക്കവാസഗരോടുകൂ ടിയേ ശൈവഭക്തരുടെ ചരിത്രം പൂർത്തിയാകുന്നുള്ളു.

ചോഴദേശത്തിൽ തിരുവാമൂർ എന്ന നഗരത്തിൽ തിരുമുനൈ പ്പാടി എന്ന നാട്ടിൽ ഒരു കർഷക കുടുംബത്തിൽ പുകഴനാർ-മാ തിനി ദമ്പതികൾക്ക് രണ്ടു സന്താ നങ്ങളുണ്ടായി. 'തിലകവതി' പുത്രിയും 'മരുൾനീക്കിയാർ' പുത്രനും. വളരെ സമൃദ്ധിയിൽ ജീവിച്ച ആ കുടുംബം ഉത്തമ ശൈവഭക്തർ കൂടിയായിരുന്നു. വിവാഹ സമയമെത്തിയ തിലകവ തിക്ക് 'കലിപ്പകയാർ' എന്ന യോജ്യനായ വരനെ നിശ്ചയിച്ചു. വിവാഹം നിശ്ചയിച്ച അവസര ത്തിൽ ശത്രു ആക്രമണം മൂലം രാജാവിന്റെ സേനയെ നയിച്ച് യുദ്ധത്തിനായി അന്യരാജ്യ ത്തേക്ക് കലിപ്പകയാർ പോയതി നെത്തുടർന്ന് പിതാവായ പുകഴ നാർ അവിചാരിതമായിയുണ്ടായ രോഗത്തിൽ മരണമടഞ്ഞു. പതി യുടെ വിരഹം താങ്ങാനാവാത്ത വ്യസനത്തിൽ മാതാവായ 'മാതിനി'യും മരണമടഞ്ഞു. ആ സമയത്താണ് യുദ്ധക്കളത്തിൽ വച്ച് കലിപ്പകയാർ പോർക്കള ത്തിൽ വീരചരമം പ്രാപിച്ച വാർത്തയും തിരകവതിയ്ക്ക് കേൾക്കേണ്ടി വന്നത്. ഹതഭാഗ്യ യായിത്തീർന്ന തിലകവതി ഇനി ജീവിതം വേണ്ട എന്ന് തീരുമാനി ച്ചു. സഹോദരിയുടെ തീരുമാനമ റിഞ്ഞ മരുൾനീക്കിയാർ അവ ളുടെ കാലിൽ കെട്ടിപ്പിടിച്ച തന്നെ തനിച്ചാക്കി വിട്ടുപോകരുതെന്ന് കേണപേക്ഷിച്ചു. അതിനെത്തു ടർന്ന് അനുജനോടുള്ള സ്നേഹ ത്താൽ അവന്റെ നന്മയ്ക്കായി ക്കൊണ്ട് ജീവിക്കാൻ നിശ്ചയിച്ചു. സകല ലൗകിക സുഖങ്ങളും വെടിഞ്ഞ് തിലകവതി 'തിരുവ തിക' എന്ന അടുത്തുള്ള ശിവ ക്ഷേത്രത്തിൽ ക്ഷേത്രപ്രവർത്തി കൾ ചെയ്ത് അനുജനെ പരിപാ ലിച്ച് ജീവിതം നയിച്ചു.

അതിബുദ്ധിമാനായിരുന്ന മരുൾനീക്കിയാർ പൈതൃകവുമാ യുണ്ടായിരുന്ന ധനമുപയോഗിച്ച് വിവിധ മാർഗ്ഗങ്ങളിൽ വിദ്യാ ഭ്യാസം ചെയ്തു. ജൈനമതം വള രെയേറെ പ്രചാരമുൾക്കൊണ്ടി രുന്ന ആ കാലഘട്ടത്തിൽ മരുൾ നീക്കിയാർ ശൈവമതമുപേക്ഷിച്ച് ജൈനമതാനുയായിത്തീർന്നു. ജനോപകാരപ്രദമായി ധാരാളം ദാനധർമ്മാദികൾ നിർവ്വഹിച്ച തോടെ ആ രാജ്യത്തെ രാജാ വിന്റെയും ശ്രദ്ധയിൽപ്പെട്ടു. രാജാവും ജൈനമതവിശ്വാസിയാ യിരുന്നതിനാൽ പാടലീപുത്രം എന്ന നഗരത്തിൽ ജൈനരുടെ പ്രധാനിയായി 'ധർമ്മസേനൻ' എന്ന നാമത്തിൽ മരുൾനീക്കി യാർ അവരുടെ ജൈനമഠത്തിൽ വാസവും തുടങ്ങി. ഇതറിഞ്ഞ തിലകവതി 'ഗഡിലനദീ'തീരത്തെ 'വീരനഥാന'മെന്ന അപരനാമ



ത്തിൽ അറിയപ്പെടുന്ന ക്ഷേത്ര ത്തിൽ ഈശ്വരസേവ ചെയ്ത് അനുജനെ നേർവഴിക്കു കൊണ്ടു വരുവാനായി ശ്രീപരമേശ്വരനോട് പ്രാർത്ഥിച്ചു. അങ്ങനെയിരിക്കെ ഒരുനാൾ രാത്രി തിലകവതിയുടെ സ്വപ്നത്തിൽ വന്ന് കൈലാസ പതി ഇങ്ങനെ അരുൾ ചെയ്തു. "കഴിഞ്ഞ ജന്മത്തിൽ മരുൾനീക്കിയാർ ചെയ്ത തപസ്സിന്റെയും പാപങ്ങളുടെയും ഫലം അവൻ അനുഭ വിക്കാറായി. കുറെ ക്കൂടി അവൻ കഷ്ടപ്പെ ടട്ടെ. നല്ലവഴിയ്ക്ക് കൊണ്ടുവരാം". തിലക വതി ഭഗവാൻ ശിവന്റെ അരുൾ വച നങ്ങൾ സ്വപ്നത്തിൽ കേട്ട് ആശ്വസിച്ചു. വൈകാതെ ധർമ്മസേ നനെന്ന മരുൾനീക്കി യാർക്ക് ശൂലരോഗം പിടിപെട്ടു. വിഷം കയ റിയതുപോലെ ധർമ്മ സേനൻ പിടഞ്ഞു. ജൈനർ തങ്ങളുടെ എല്ലാ കഴിവുകളുമുപ യോഗിച്ച് ചികിത്സിച്ചു വെങ്കിലും അതെല്ലാം നിഷ്ഫലമായി. രോഗം കൂടുതൽ മൂർച്ഛിക്കുകയും ചെയ്തു. ഈ സ്ഥിതി വന്നപ്പോൾ ധർമ്മസേനന് തന്റെ സഹോദരിയുടെ ഓർമ്മയു ണ്ടാവുകയും ജൈനമഠം വിട്ട് പാടലീപുത്രത്തിൽ നിന്ന് തിരുവ തികയിലേക്ക് വന്നുചേരുകയും ചെയ്തു. തിരിച്ചെത്തിയപ്പോൾ ആശ്വാസം തോന്നിയ മരുൾനീക്കിയാർക്ക് തിലകവതി ശിവനാമം ചൊല്ലി വിഭൂതി നൽകി യതോടെ രോഗത്തിന് ശമനമായി. അനുജനെ കൂട്ടിക്കൊണ്ടുവന്ന് വീരസ്ഥനക്കോവിലിന് പ്രദക്ഷിണം ചെയ്ത് നമസ്കാരം ചെയ്യിപ്പി ച്ചു. മരുൾനീക്കിയാർ താൻ അതുവരെ ചെയ്ത അപരാധങ്ങ ളെല്ലാം ഏറ്റുപറഞ്ഞ് ക്ഷമാപണം ചെയ്തു. ആ സന്ദർഭത്തിൽ ശിവ സ്തോത്രങ്ങൾ രചി ക്കാൻ കഴിവുള്ള 'വാഗീശൻ' എന്ന 'തിരുനാവുക്കരശർ' ആയിത്തീർന്നുവെ ന്നുള്ള അശരീരിയു ണ്ടായി. അന്നുമുതൽ മരുൾനീക്കി യാർ തിരുനാവുക്കരശർ ആയി ത്തീർന്നു. അതിനു ശേഷം ക്ഷേത്രത്തിൽ പുൽവെട്ടുക, ശുദ്ധ ചെയ്യുക തുടങ്ങിയ പുണ്യപ്ര വർത്തികളോടൊപ്പം അനർഗ്ഗള മായ സ്തോത്രകവിതാ നിർമ്മാ ണവും തിരുനാവുക്കരശർ നിർവ്വ



ഹിച്ചു തുടങ്ങി.

ധർമ്മസേനൻ (മരുൾനീക്കിയാർ) ശൈവമതത്തിലേക്ക് തിരിച്ചുപോയതറിഞ്ഞ പാടലീപുത്രത്തിലെ ജയിനഗുരുക്കൾ മറ്റു മതാനുയായികളോടൊപ്പം ചേർന്ന് ധർമ്മസേനനെ തിരിച്ച് ജൈനമതത്തിലേക്ക് മടക്കിക്കൊണ്ടുവരുവാൻ ശ്രമമാരംഭിച്ചു. അവർ സംഘം ചേർന്ന് പല്ലവ രാജാവിനെക്കണ്ട് ധർമ്മസേനൻ അയാളുടെ സഹോദരി തിലകവതിയുമായി ചേർന്ന് ഗൂഢാലോചന നടത്തി തങ്ങളുടെ മതത്തെ വഞ്ചിച്ചതായി ആരോപണമുണർത്തിച്ചു. ശുദ്ധമനസ്ക്കനായ പല്ലവാരാജാവ് 'ഗുണപരപല്ലവൻ' അതിനെന്തു പ്രതിവിധി ചെയ്യണമെന്ന് ചോദിച്ചപ്പോൾ ശരീരദണ്ഡനം ചെയ്യണമെന്ന് ജൈനർ രാജാവിനെ ഉപദേശിച്ചു. തുടർന്ന് തിരുനാവുക്കരശിനെ പിടിച്ചുകൊണ്ടുവന്ന് ജൈനമതാനുയായികളുടെ നിർദ്ദേശപ്രകാരം വെന്തുനീറുന്ന ചുണ്ണാമ്പുകുഴിയിലിട്ടടച്ചു. വെന്തുനീറുന്ന ചുണ്ണാമ്പുകുഴിയിൽ പരമശിവകാരുണ്യത്താൽ വൃക്ഷച്ചുവട്ടിലിരിക്കുന്നതുപോലെയോ തടാകത്തിലിരിക്കുന്നതുപോലെയോ ഉള്ള സുഖശീതളിമയാണ് തിരുനാവുക്കരശർക്ക് അനുഭവപ്പെട്ടത്. ഏഴു നാളുകൾക്ക് ശേഷം ചുണ്ണാമ്പുകുഴിയുടെ വാതിൽ തുറന്നപ്പോൾ 'ശിവാനന്ദലഹരി'യിലമർന്ന അരശരെക്കണ്ട് രാജാവും ജൈനരും അത്ഭുതപ്പെട്ടു. എങ്കിലും വിദ്വേഷം തീരാതെ ജൈന സംഘം രാജാവിനോട് അരശർക്ക് വിഷപാനം ചെയ്യിക്കാൻ ആവശ്യപ്പെട്ടു. കടുത്ത വിഷം കലർത്തിയ പാൽച്ചോർ ഒരു മടിയും കൂടാതെ അരശർ ഭക്ഷിച്ചു. വിഷം അമൃതമായി ഭവിച്ചു. അരശർക്ക് പ്രത്യേകിച്ചൊന്നും തോന്നിയില്ല. തുടർന്ന് അടുത്ത പടിയായി മദയാനയെക്കൊണ്ടുവന്ന് മെതിക്കാനായി വിട്ടുകൊടുത്തു. മദയാനയാവട്ടെ അരശരുടെ തീവ്രഭക്തിയിൽ അദ്ദേഹത്തെ വലംവച്ച് കാലിൽവീണ് വണങ്ങി. തോട്ടിപ്രയോഗം നടത്തിയ പാപ്പാന്മാരെയും ജൈനരെയും ആന എറിഞ്ഞും ചവിട്ടിയും മർദ്ദിച്ചു. പിന്തിരിഞ്ഞോടിയ ജൈനർ അരശരെ കരിങ്കൽപ്പാറയിൽ കെട്ടി കടലിൽ താഴ്ത്തുവാൻ പല്ലവരാജാവിനെ ഉപദേശിച്ചു.

കരിങ്കൽപ്പാറയിൽ കെട്ടി കടലിന്റെ ആഴങ്ങളിലേക്ക് തള്ളിയിടപ്പെട്ട തിരുനാവുക്കരശൻ അതേ കരിങ്കൽപ്പാറയിലിരുന്ന് അലകളിൽ ഒഴുകി സമുദ്രതീരത്തുള്ള തിരുപ്പാതിരിപ്പുലിയൂർ എന്ന പുണ്യസ്ഥലത്തെത്തിപ്പെട്ടു. അവിടുത്തെ ജനങ്ങൾ അരശരെ സ്വാഗതം ചെയ്തു. ക്ഷേത്രദർശനം നടത്തിയും സ്തുതിഗീതങ്ങൾ രചിച്ചും അരശർ വീണ്ടും തിരുവതികയിലേക്ക് മടങ്ങി. സഹോദരി തിരകവതിയോടൊപ്പം ചേർന്ന് ക്ഷേത്രപ്രവർത്തികളിൽ വ്യാപൃതനായി.

ജൈനമതാനുയായികളുടെ പ്രേരണമൂലമാണെങ്കിലും വളരെ ദൈന്യതയില്ലാത്തവണ്ണം നിഷ്ഠൂരമായി തിരുനാവുക്കരശരെ കൊലപ്പെടുത്താനുള്ള ശ്രമത്തിന് താൻ കാരണമായല്ലോ എന്നോർത്ത് പല്ലവരാജാവ് പശ്ചാത്തപിച്ചു. മാനസാന്തരത്തോടെ രാജാവ് തിരുപതികയിൽ വന്ന് ശൈവമതം സ്വീകരിച്ച് അരശരെ നമസ്കാരം ചെയ്തു. ജൈനവിഹാര കേന്ദ്രങ്ങൾ തകർത്ത് ഗുണപരവീശ്വരം എന്ന ക്ഷേത്രം നിർമ്മിച്ച് അന്നുമുതൽ ശിവഭക്തനായി ഭരണം തുടർന്നു.

(തുടരും)



# വാരണാസി അനുസ്മരണം

കഥകളി ചെണ്ടവാദനത്തിലൂടെ ആസ്വാദക ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയ ശ്രീ. കലാരത്നം വാരണാസി മാധവൻനമ്പൂതിരിയുടെ അനുസ്മരണം ഡോ. മാങ്കുളം കൃഷ്ണൻനമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ മാവേലിക്കര മണ്ണൂർമഠം കൊട്ടാരത്തിൽ വച്ച് നടന്നു. ചടങ്ങിൽ 2019 ലെ വാരണാസി പുരസ്കാരം കഥകളി മേളവിദ്വാൻ ശ്രീ. കുറൂർ വാസുദേവൻനമ്പൂതിരി അവർകൾക്കും വാരണാസി നാരായണൻനമ്പൂതിരി സ്മാരക യുവപുരസ്കാരം മദ്ദള കലാകാരൻ ഏവൂർ മധു അവർകൾക്കും നൽകി ആദരിച്ചു. തുടർന്ന് വാരണാസിയുടെ ശിഷ്യ-സുഹൃത് വൃന്ദം പങ്കെടുത്ത കർണ്ണശപഥം കഥകളിയും നടന്നു.



# കൂത്തൊഴിയുന്ന കൂത്തമ്പലങ്ങൾ



സുരേഷ് മണ്ണാറശ്ശാല

അനുഷ്ഠാന കലകളാൽ സമൃദ്ധമായ ഒരു പാരമ്പര്യമാണ് കേരളത്തിനുള്ളത്. കൂത്തും കൂടിയാട്ടവും കൊണ്ട് അനുഗ്രഹീതമായിരുന്ന കൂത്തമ്പലങ്ങൾ മിക്കവയും ഇന്ന് അവയുടെ സ്മാരകങ്ങളായി അവശേഷിക്കുന്നു. ഉത്സവകാലങ്ങളിൽ ഒന്നോ രണ്ടോ ദിവസങ്ങൾ മാത്രം സജീവമാകുന്ന കൂത്തമ്പലങ്ങൾ ബാക്കി സമയങ്ങളിൽ അവയുടെ സുവർണകാലസ്മൃതികളിൽ അഭിമാനം കൊണ്ട് തല ഉയർത്തി നിൽക്കുന്നു. ഉത്സവങ്ങളിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കലകളാണ് കൂത്തും കൂടിയാട്ടവും. കേരള കലാമണ്ഡലം പുതിയ തലമുറയിലെ വിദ്യാർത്ഥികളിൽ പ്രതിഭാശാലികളെ കണ്ടെത്തി പ്രോത്സാഹനം നല്കി പരിശീലിപ്പിക്കുന്നതു മാത്രമാണ് പുനർജനിക്കായി ഇന്നു നടക്കുന്ന പരിശ്രമമായി കണക്കാക്കുന്നത്. ഒരു കാലത്ത് ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള ഈ നാട്യഗൃഹങ്ങൾ രാപകൽ സജീവമായിരുന്നു. ഹിന്ദുദേവതകളെ ആരാധിക്കുന്ന ആലയങ്ങളാണ് അമ്പലങ്ങൾ. എന്നാൽ കൂത്ത് അഥവാ നാട്യം കൊണ്ട് ദേവതാരാധന നടത്തുന്ന ആലയങ്ങളാണ് കൂത്തമ്പലങ്ങൾ.

കേരളത്തിൽ പതിനാലു ക്ഷേത്രങ്ങളിൽ പഴയകാല മുതൽ കൂത്തമ്പലങ്ങളുണ്ട്. തൃശ്ശിവപേരൂർ, വടക്കന്നാഥക്ഷേത്രം, ഇരിങ്ങാലക്കുട, തിരുമൂഴിക്കുളം, ഗുരുവായൂർ, തൃപ്പങ്ങോട്ട്, പെരുവനം മഹാദേവക്ഷേത്രം, തിരുവേഗപ്പുറ മഹാദേവക്ഷേത്രം, തിരുമാന്ധാംകുന്ന്, തിരുവാലത്തൂർ ഭഗവതി

ക്ഷേത്രം, തിരുവാർപ്പ് ശ്രീകൃഷ്ണ ക്ഷേത്രം, തിരുനക്കര മഹാദേവ ക്ഷേത്രം, ആർപ്പൂക്കര സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, കിടങ്ങൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, ഹരിപ്പാട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രം എന്നീ ക്ഷേത്രങ്ങളിലാണ് ഇവയിന്ന് നിലനിൽക്കുന്നത്. ഇപ്പോഴുള്ള കൂത്തമ്പലങ്ങളിൽ ഏറെ പഴക്കമുള്ളവയിലൊന്നാണ് ഹരിപ്പാടിനുള്ളത്. ചരിത്രപരമായി അവകാശപ്പെടുകയാണെങ്കിൽ ഏറ്റവും പഴക്കമേറിയതെന്നും തെളിയിക്കുവാൻ കഴിയും. കൊല്ലവർഷം 944 മീന മാസം എട്ടാം തീയതി (1769 മാർച്ച് മാസം) യാണ് ഹരിപ്പാട് ഇപ്പോഴുള്ള കൂത്തമ്പലത്തിന്റെ പുനർ നിർമ്മാണം കഴിഞ്ഞ് കലശം നടത്തിയത്.

കൂത്തമ്പലങ്ങൾ ക്ഷേത്രങ്ങളിൽ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ഒരു പുരാണമുണ്ട്. ദേവന്മാരുടെ പ്രാർത്ഥന പ്രകാരം ബ്രഹ്മദേവൻ നാലു വേദങ്ങളുടെയും സാരമെടുത്ത് അഞ്ചാമതായി നാട്യവേദം രചിച്ചു. ഇത് ബ്രഹ്മാവിൽ നിന്നും ഹൃദിസ്ഥമാക്കിയ ശേഷം മുനി സ്വന്തം പുത്രന്മാരെ പഠിപ്പിച്ചു. ഇന്ദ്രന്റെ ധ്വജോത്സവത്തിലാണിത് അരങ്ങേറിയത്. ഈ പ്രദർശനത്തിന് ദേവന്മാരും അസുരന്മാരുമടങ്ങുന്ന വലിയ ഒരു സംഘം പ്രേക്ഷകരായിരുന്നു. എന്നാൽ ഇതിന്റെ കഥാതന്തുദേവന്മാർ അസുരന്മാർക്കെതിരെ നേടിയ വിജയമായിരുന്നു.. ഇതിൽ അപമാനിതരായ അസുരന്മാർ നാട്യത്തിന് വിഘ്നങ്ങളുണ്ടാക്കി തടസ്സപ്പെടുത്തുവാൻ ശ്രമിച്ചു. കുപിതനാ.യ ദേവേന്ദ്രൻ തന്റെ ധ്വജമുപയോഗിച്ച് അസുരഗണത്തെ വിരട്ടി ഓടിക്കുകയുണ്ടായി. എന്നിട്ടും അവരുടെ ഉപദ്രവം തുടങ്ങിയപ്പോൾ ബ്രഹ്മദേവന്റെ നിർദ്ദേശപ്രകാരം വിശ്വകർമ്മാവ് എന്ന ദേവശില്പി അതിമനോഹരമായ ഒരു നാട്യഗൃഹം നിർമ്മിച്ചു. ദേവന്മാരെ ഇതിന്റെ സംരക്ഷണമേൽപ്പിക്കുകയും ചെയ്തു. അവിടെ ദേവന്മാർക്ക് ഓരോരുത്തർക്കുമുള്ള സ്ഥാനം നിർദ്ദേശിച്ചു കൊടുക്കുകയും ചെയ്തു. ഭരതമുനി യഥാവിധി രംഗദേവതാപൂജയും നടത്തിയെന്നുമാണ് ഐതിഹ്യം.

നാട്യവിധീശാസ്ത്രപ്രകാരമുള്ള കൂത്തമ്പലങ്ങൾ കേരളത്തിനു മാത്രം സ്വന്തമാണെന്ന് നമുക്ക് നിസ്സംശയം പറയാം. ലോകത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നും കൂത്തമ്പലങ്ങളെപ്പറ്റി പഠിക്കുന്നതിനും പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിനും ധാരാളം പേർ ഇവ സന്ദർശിക്കാറുണ്ട്. ഇവിടെ നടത്തുന്ന കൂത്ത് ദേവതാ പ്രതീക്കുള്ള ഒരു യജ്ഞമാണെന്ന് സങ്കൽപ്പമുണ്ട്. കൂത്തമ്പലത്തിലെ നാട്യമണ്ഡപവും പാശ്ചാത്തലവും യാഗശാലക്ക് സമാനമായാണ് നിർമ്മിക്കുന്നത്. നാട്യമണ്ഡപത്തിൽ എല്ലാ ദേവന്മാർക്കും പ്രത്യേക സ്ഥാനം കൽപ്പിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. കേരളത്തിലെ മഹാക്ഷേത്രങ്ങളിലാണ് കൂത്തമ്പലങ്ങൾ കാണപ്പെടുന്നത്.

കേരളത്തിലെ കൂത്തമ്പലങ്ങളിൽ ഏറ്റവും വലുത് തൃശ്ശൂരിലെ വടക്കന്നാഥ ക്ഷേത്രത്തിലെതാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഭരതമുനി ഏറ്റവും വലിയതിന് 64 കോൽ നീളമാകാമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ തൃശ്ശിവപേരുരിലുള്ള കൂത്തമ്പലത്തിന് 23.5m x17.5m വിസ്തീർണ്ണമെ ഉള്ളൂ. രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് ഇരിങ്ങാലക്കുടയിലെ കൂടൽ മാണിക്യ ക്ഷേത്രമാണ്. ഇതിന്റെ വിസ്തീർണ്ണം 21 m x15.8 m ആണ്. മൂന്നാം സ്ഥാനത്ത് നിൽക്കുന്ന ഹരിപ്പാട്ടെ കൂത്തമ്പലത്തിന് 15.5.m x 11 m വിസ്തീർണ്ണമാണുള്ളത്.

കൂത്തമ്പലത്തിന്റെ ആകെ

## ആദരാഞ്ജലികൾ - **രാജീവ് പുലിയന്നൂർ**



പ്രഗത്ഭനായ വായ്പാട്ടുകാരനും വയലിനിസ്റ്റും അധ്യാപകനുമായിരുന്ന രാജീവ് പുലിയന്നൂർ 49-ാമത്തെ വയസ്സിൽ ഇക്കഴിഞ്ഞ ഒക്ടോബർ 9 ന് അന്തരിച്ചു. പാലാ പുലിയന്നൂർ കിഴക്കേടത്ത് അയ്യപ്പൻനായരുടെയും സരളാദേവിയും മൂന്നുമക്കളിൽ രണ്ടാമനായിരുന്നു. കോട്ടയം ശങ്കുണ്ണി സ്മാരക കോളേജിൽ ഗാനഭൂഷണത്തിനു ശേഷം വയലാ രാജേന്ദ്രന്റെയും അയ്മനം പ്രദീപിന്റെയും ശിക്ഷണത്തിൽ തുടർ പഠനം നടത്തി. പ്രശസ്തരായ ധാരാളം സംഗീതജ്ഞർക്കൊപ്പം വേദി പങ്കിട്ടു. ഭക്തിഗാന ആൽബങ്ങൾ ഒരുക്കിയിട്ടുണ്ട്. രാജീവ് വയലിൻ അക്കാദമി എന്ന സ്ഥാപനം നടത്തി ധാരാളം വിദ്യാർത്ഥികൾക്ക് ശിക്ഷണം നൽകിവരികയായിരുന്നു. ഭാര്യ ഇന്ദു പാലായിൽ ഒരു മെഡിക്കൽ സ്ഥാപനം നടത്തിവരുന്നു. മക്കൾ വിദ്യാർത്ഥികളായ ശ്രീഹരി, ശ്രീനന്ദ. മൂത്ത സഹോദരി രാജലക്ഷ്മി സംഗീതജ്ഞയാണ്. സംഗീതരംഗത്ത് കൂടുതൽ അറിയപ്പെട്ടുവരുമ്പോഴുണ്ടായ അദ്ദേഹത്തിന്റെ അകാല വിയോഗത്തിൽ രാഗലയം ശ്രുതിയുടെ ആദരാഞ്ജലികൾ.

വിസ്തൃതിയുടെ എട്ടിലൊന്നുവിസ്താരം രംഗത്തിനുണ്ടായിരിക്കും. എന്നാൽ ഇത് എത്രത്തോളം പാലിച്ചിട്ടുണ്ടെന്നുള്ളതിൽ സംശയമുണ്ട്. അണിയറയ്ക്ക് കൂത്തമ്പലത്തിന്റെ വിസ്താരത്തിൽ നാലിലൊന്ന് ഉണ്ടായിരിക്കണമെന്ന് ശാസ്ത്രവിധിയുണ്ടെങ്കിലും ഇവിടെയുള്ള കൂത്തമ്പലങ്ങളിൽ ഇത് പാലിച്ചു കാണുന്നില്ല എന്നത് ന്യൂനതയാണ്.

കിഴക്കോട് ദർശനമുള്ള ക്ഷേത്രത്തിന്റെ നടയിൽ നിന്നു തെക്കുകിഴക്കോട്ട് നീങ്ങിയാണ് ഇവ നിർമ്മിക്കാറുള്ളത്. അതിന്റെ ദർശനം പടിഞ്ഞാറോട്ടായിരിക്കും. ക്ഷേത്രത്തിന്റെ ദർശനം പടിഞ്ഞാറോട്ടാണെങ്കിൽ കിഴക്കോട്ട് ദർശനമായി നടയിൽ നിന്നും വടക്കോട്ട് മാറി പടിഞ്ഞാറുവശത്ത് സ്ഥാപിക്കുന്നു. കൂത്തമ്പലങ്ങൾക്ക് മൂന്നു താഴികക്കുടങ്ങളും നിർബന്ധമാണ്.

കേരളത്തിൽ കൂത്തമ്പലങ്ങൾ കൊണ്ട് എന്തുപ്രയോജനമാണുണ്ടായിരുന്നത് എന്നു മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. ബുദ്ധിദാനനിപുണന്മാരായ കൂത്ത് കലാകാരന്മാർ സാമാന്യജനങ്ങളെ പ്രബുദ്ധരാക്കുന്നതിൽ വളരെയധികം പങ്കുവഹിക്കുന്നുണ്ട്. ഒരു കാലത്ത് കൂത്തും കൂടിയാട്ടവും മാത്രമാണ് ഇവിടെ അരങ്ങേറിയിരുന്നത്. എന്നാൽ ഇതിനോടനുബന്ധമായി കഥകളി, ഓട്ടൻതുള്ളൽ, പാഠകം എന്നിവ രൂപം കൊണ്ടു. കൂത്തമ്പലങ്ങൾ ഇല്ലാത്ത ക്ഷേത്രങ്ങളിലും കൂത്ത് നടത്താറുണ്ട്. അതിന്റെ പശ്ചാത്തലത്തിലാണല്ലോ അമ്പലപ്പുഴ അമ്പലത്തിൽ ഓട്ടൻതുള്ളൽ എന്ന പ്രസ്ഥാനം തന്നെ ഉടലെടുത്തത്. കൂത്ത് നടത്തുന്നതിനു വേണ്ടി ധാരാളം ഗ്രന്ഥങ്ങൾ തന്നെ രചിക്കപ്പെട്ടിട്ടുണ്ട്. ഇവയൊക്കെ നമ്മുടെ സാഹിത്യചരിത്രത്തിൽ ശ്രദ്ധേയമായ സ്ഥാനം അലങ്കരിക്കുന്നുമുണ്ട്.

കൂത്ത് കേരളത്തിന്റെ സാംസ്കാരി ചരിത്രത്തിലെ ശ്രദ്ധേയമായ ദൃശ്യകലാപൂരമാണ്. ലളിതമായ ചുവടുകളുള്ള നൃത്തവും നാട്യാഭിനയവും ചേർന്നതാണ് കൂത്ത്. കേരളത്തിൽ കൂത്ത് നടത്തിയിരുന്ന ജനവിഭാഗമാണ് ചാക്യാന്മാർ. സംസ്കൃത നാടകാഭിനയമാണ് ചാക്യാർ കൂത്തിന് അനുവർത്തിച്ചു പോരുന്നത്. ചാക്യാർ കൂത്തിന് നാടകാഭിനയത്തിനാണ് ഏറെ പ്രാധാന്യം കൽപ്പിക്കുന്നത് ഒന്നിലേറെ കഥാപാത്രങ്ങളെ ഒറ്റയ്ക്ക് അവതരിപ്പിക്കുന്നതിൽ ചാക്യാർക്ക് അഭിനയപാടവം ഉണ്ടായിരിക്കണം. ഇരന്നും, നടന്നും ചാടിയും ഓടിയും അംഗവിക്ഷേപങ്ങളാലും കഥാപാത്രങ്ങളുടെ ഭാവം അഭിനയിച്ചുകാണിക്കുന്നതിൽ ചാക്യാർ നിപുണനായിരിക്കും. മുഖഭാത്തിലുള്ള അഭിനയവും പ്രാധാന്യമർഹിക്കുന്നു. നവരസങ്ങളും പ്രകടിപ്പിക്കുന്നതിന് ചാക്യാർ വളരെയധികം സാമർത്ഥ്യം കാണിക്കേണ്ടതുണ്ടെങ്കിലും ഹാസ്യത്തിനാണ് ഏറെ പ്രാധാന്യം കൽപ്പിക്കേണ്ടത്. പ്രേക്ഷകമനസ്സിനെ സ്വാധീനിക്കുന്നതിന് എളുപ്പമുള്ള രസമായതിനാലാണ് കൂത്ത് നടത്തുന്ന വേദികളിൽ പരിഹാസത്തിനും ഹാസ്യത്തിനുമൊക്കെ മുഖ്യസ്ഥാനം നൽകുന്നത്. മിഴാവുവാദ്യക്കാരൻ കഥ പറയുകയും അഭിനയിക്കുകയും ചെയ്യുന്നു ചാക്യാരുടെ ഭാവങ്ങൾ സശ്രദ്ധം വീക്ഷിച്ചു കൊണ്ടിരിക്കണമെന്നത് ഇതിന്റെ പ്രത്യേകതയാണ്. സംസ്കൃത ശ്ലോകങ്ങൾക്കനുസരുസൃതമായി മിഴാവുവായിക്കുന്നതിനും നമ്പ്യാരുണ്ടായിരിക്കേണ്ടതുണ്ട്. അധിക ചെലവില്ലാതെ അവതരിപ്പിക്കുവാൻ കഴിയുന്ന കലാരൂപമായിരുന്നതിനാൽ ഒരു കാലത്ത് ഇത് വളരെയധികം ജനപ്രീതിനേടിയ കലാരൂപമായിരുന്നു. പുരാണങ്ങളും ഇതിഹാസങ്ങളും ഗുരുവിൽ നിന്നും പഠിക്കുന്നതു പോലെ ചാക്യാന്മാരിൽ നിന്നും കൂത്തു നടക്കുന്ന വേളയിൽ സാധാരണജനങ്ങൾ സ്വായത്തമാക്കിയിരുന്നു.

(തുടരും)



*ഹരിപ്പാട് ക്ഷേത്രത്തിലെ കൂത്തമ്പലം*

# രാഗാമൃതം



തയ്യാറാക്കിയത് : **സുനിൽ ശർമ്മ**

## ധന്യാസി

8-ാമത് മേളകർത്താരാഗമായ ഹനുമത്തോടിയുടെ ജന്യം.

| | | |
|---|---|---|
| ആരോഹണം | : | സ ഗ മ പ നി സ |
| അവരോഹണം | : | സ നി ധ പ മ ഗ രി സ |
| സ്വരസ്ഥാനങ്ങൾ | : | ഷഡ്ജം, ശുദ്ധരിഷഭം, സാധാരണഗാന്ധാരം, ശുദ്ധമധ്യമം, പഞ്ചമം, ശുദ്ധധൈവതം, കൈശികിനിഷാദം. |

ഔഡവ-സമ്പൂർണ്ണരാഗം. ഉപാംഗരാഗം. രക്തിരാഗവും മൂർച്ഛനാകാരകരാഗവുമായ ധന്യാസിയുടെ ജീവസ്വരങ്ങളായ ഗാന്ധാരവും നിഷാദവും ദീർഘമായും കമ്പിത ഗമകത്തോടെയുമാണ് പാടേണ്ടത്. പനിസധാപ, രിസധാപ എന്നിവ സവിശേഷ സഞ്ചാരങ്ങൾ. ത്രിസ്ഥായിരാഗമായ ധന്യാസിയുടെ ആലാപനത്തിന് പ്രഭാതമാണ് യോജിച്ച സമയം. ഭക്തിരസപ്രദാനമായ ഈ രാഗം പദ്യം, ശ്ലോകം, വിരുത്തം എന്നിവ പാടാൻ അനുയോജ്യമാണ്.

ഈ രാഗത്തിലുള്ള ചില കൃതികൾ :

| | | | |
|---|---|---|---|
| 1. | സംഗീതജ്ഞാനമു ഭക്തിവിനാ | ആദി | ത്യാഗരാജസ്വാമി |
| 2. | എന്തുബായറാദയ | രൂപകം | ത്യാഗരാജസ്വാമി |
| 3. | രാമാഭിരാമാ | ആദി | ത്യാഗരാജസ്വാമി |
| 4. | നീ ചിത്തമു | മിശ്രചാപ്പ് | ത്യാഗരാജസ്വാമി |
| 5. | ധ്യാനമേ വരമൈന | ആദി | ത്യാഗരാജസ്വാമി |
| 6. | ശ്രീരംഗനാഥായ നമസ്തേ | രൂപകം | മുത്തുസ്വാമി ദീക്ഷിതർ |
| 7. | മംഗളദേവതായ | രൂപകം | മുത്തുസ്വാമി ദീക്ഷിതർ |
| 8. | മായൂരനാഥമനിശം ഭജാമി | മിശ്രചാപ്പ് | മുത്തുസ്വാമി ദീക്ഷിതർ |
| 9. | പരദേവതാ ബൃഹത്കുചാംബാ | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 10. | മീനലോചന ബ്രോവ | മിശ്രചാപ്പ് | ശ്യാമശാസ്ത്രി |
| 11. | ബാലകൃഷ്ണൻ പാദമലർ | രൂപകം | പാപനാശം ശിവൻ |
| 12. | വാണി അരുൾ പുരിവായ് | ആദി | പാപനാശം ശിവൻ |
| 13. | ജപാകുസുമ ഭാസുരേ | ആദി | മുത്തയ്യാ ഭാഗവതർ |
| 14. | രാമാ ദയജ്ജൂഡവേ | ആദി | ഭദ്രാചല രാമദാസ് |
| 15. | കനകസഭാപതി ദർശനം | ആദി | ഗോപാലകൃഷ്ണഭാരതി |
| 16. | കനുലാര കണ്ടിനിപുടു | രൂപകം | വലാജപ്പേട്ട വെങ്കടരമണഭാഗവതർ |
| 17. | ദലചിനവാരു ധന്യുഡൈയ്യേരു | ആദി | സുബ്ബരായശാസ്ത്രികൾ |

ഒരു കൃതി സ്വരച്ചിട്ടയോടെ :

| | | |
|---|---|---|
| കലയാമി ശ്രീരാമം | രൂപകം | സ്വാതിതിരുനാൾ |

*പല്ലവി*

കലയാമി ശ്രീരാമം

*അനുപല്ലവി*

ഖലദാനവ നാശനം കാർമ്മുക ശരധരം
വലഭിദുപലനീലം വാരിജാതനയനം

*ചരണം*

ശരണാഗതഭരണം ജനകസുതാജാനിമമിത കരുണം
ഹരിവീരാവൃതോപാന്തമംബുധി മദഹര-
മരുണബിംബവിരാജദധരം ജനേശം
ദാരിത ദാരുണ രാവണമതി മൃദുതരഹസമഹമിഹ

2

<u>പല്ലവി</u>

* * *
1. || സാസാ സനിധാ പാാാ || മാ ഗാ രിാ സാ ാാരിനി ||
ക- ല- യാ- - - മി--- ശ്രീ--- - - രാ - * - - - -
|| സാാാ ാാാാ ഗമപനി ||
മം--- ---- - - - -

* * * *
2. || സാസാ <u>രിസനിധ</u>പാ പാാാ || ഗമപനി ധപമാ ഗാരിനി ||
ക- ല- യാ - - - മി--- ശ്രീ--- - - രാ - * - - - -
|| സാാാ ാാാസ ഗമപനി ||
മം--- -- -- - - - -

* * * * * * * * * *
3. || സാസാ <u>രിസനിധ</u>പാ പാാാ || ഗമപനി സഗമഗ രിസനിധ ||
ക- ല- യാ - - - മി--- ശ്രീ--- - - - - - - രാ -
|| പമധപ പമനിസ ഗമപനി ||
*
- - - - - - മം - - - - -

(കലയാമി ശ്രീരാമം.......)

<u>അനുപല്ലവി</u>

* *
1. || ഗാ മാ പാാാ നിാാ || നിസനിധ പാ നിാ ാാസാ ||
ഖ-ല- ദാ--- ന --- വ - നാ - - - ശ - --നം-
* * * * * *
|| പാനിാ സാ ഗാ ാാരിാ || സാസാ നിാനിാ സാാാ ||
കാ--- ർമ്മു-ക- -- -- ശ- ര- - - ധ - രം---

* *
2. || ഗാ മാ പാാാ നിാാ || നിസനിധ പാനിാ ാാസാ ||
ഖ-ല- ദാ--- ന --- വ - നാ - - - ശ - --നം-
* * * * * * * * *
|| പാനിാ സാ ഗമ ഗരിസാ || സാസാ നിാനിാ സനിധപ ||
കാ--- ർമ്മു-ക- - - - - ശ- ര- - - ധ - രം - - -

* * * * * * * *
1. || നിാസാ ഗാാാ രിാസാ || <u>സാരിസ</u>പാ ാാപാ നിാസാ ||
വ-ല- ഭി--- - - ദു- പ - - ല- --നീ- - - ലം-
* *
|| സാാാ സാ<u>നിധപപ</u> ാാ പാ || മഗപമ ധപമഗ രിാസാ ||
വാ--- രി-ജാ - - -- ത- ന-യ- - - - - നം---

* * * * * * * * * * * * *
2. || നിാസാ സഗ<u>മാപമ</u> ഗാരിാ || <u>സാരിസ</u>പാ ാാപാ നിാസാ ||
വ-ല- ഭി - - - - - ദു- പ - - ല- --നീ- - - ലം-
* * * *
|| സഗമപ നിസഗരി സനിധപ || മഗപമ ധപമഗ ഗമപനി ||
വാ --- രി - ജാ- - - ത - ന-യ- - - - - നം---

(കലയാമി ശ്രീരാമം.......)

3

<u>ചരണം</u>

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ‖ ാഗമ | ാപാാാ | പനിധപ | ‖ | ഗാ മപ | ാാ മാ | ാഗാാ | ‖ |
| | --ശര | -ണാ-- | - - - - | | ഗ- ത- | -- ഭ- | -ര-- | |
| | ‖ സാാാ | ാനിസാ | ാഗ മാ | ‖ | പാാാ | നിാാ | ധപാാ | ‖ |
| | | * | | | | | | |
| | ണം--- | - ജ ന- | -ക സു- | | താ--- | ജാ--- | നിം--- | |
| | ‖ ാധാ | പ പപമ | ഗാാാ | ‖ | പപമമ | ഗാാരി | സാാാ | ‖ |
| | --അ- | മി ത--- | ---- | | ക- രു- | ---- | ണം--- | |
| | | | | | * | | * | |
| 1. | ‖ ഗാ മാ | പാാാ | നിാാ | ‖ | നിസനിധ | പാ നി | ാാസാ | ‖ |
| | ഹ-രി- | വീ--- | രാ--- | | വ്യ- തോ- | പാ - - | --ന്തം- | |
| | | * * | * | | * * | | * | |
| | ‖ പാനിാ | സാ ഗാ | ാാരിാ | ‖ | സാസാ | നിാനിാ | സാാാ | ‖ |
| | അം--- | ബു-ധി- | -- -- | | മ - ദ - | -- ഹ- | രം--- | |
| | | | | | * | | * | |
| 2. | ‖ ഗാ മാ | പാാാ | നിാാ | ‖ | നിസനിധ | പാനിാ | ാാസാ | ‖ |
| | ഹ-രി- | വീ--- | രാ--- | | വ്യ- തോ- | പാ - - | --ന്തം- | |
| | | * * * | * * * | | * * | | * | |
| | ‖ പാനിാ | സാ ഗമ | ഗരിസാ | ‖ | സാസാ | നിാനിാ | സനിധപ | ‖ |
| | അം--- | ബു-ധി- | - - - - | | മ - ദ - | -- ഹ- | രം - - - | |
| | * | * | * | | * | | * | |
| 1. | ‖ നിാസാ | ഗാാാ | ാ ാ രി ാ | ‖ | സാാനിധ | പാ പാ | നിാസാ | ‖ |
| | അ-രു- | ണ--- | -- ബിം- | | ബ- - - | വി- രാ- | - - ജ- | |
| | * | * | | | | | | |
| | ‖ സാാാ | സാനിധപപ | ാാ പാ | ‖ | മഗ പമ | ധപമഗ | രിാസാ | ‖ |
| | ദ --- | ധ - - - | -- രം- | | ജ- നേ- | - - - - | ശം--- | |
| | * | * * * * * * | * * | | * * * | | * | |
| 2. | ‖ നിാസാ | സഗമാപമ | ഗാ രിാ | ‖ | സാരിസപാ | പാ പാ | നിാസാ | ‖ |
| | അ-രു- | ണ - - - | -- ബിം- | | ബ - - - | വി- രാ- | - - ജ- | |
| | | * * * | * | | | | | |
| | ‖ സഗമപ | നിസഗരി | സനിധപ | ‖ | മഗ പമ | ധപമഗ | ഗമപനി | ‖ |
| | ദ - ധ- | - - രം - | - - - - | | ജ- നേ- | - - - - | ശം--- | |
| | * * * | * | * | | * * | | * * * | |
| | ‖ സാ രിസ | സനിധപ | പാനിസ | ‖ | രിസനിധ | പമ മപ | നിസരിസ | ‖ |
| | ദാ- രി ത | ദാ- രുണ | രാ-വണ | | മതി മൃദു | തര ഹസ | മഹ മിഹ | |

(കലയാമി ശ്രീരാമം.......)







ഹരിപ്പാട് രവിപ്രസാദ്

# അഭിനയത്തിലെയും അവതരണത്തിലേയും ശൈലീകരണം

അഭിനയജീവിതത്തിൽ ഒരു നടൻ നിരവധി കഥാപാത്രങ്ങളെ അവതരിപ്പിക്കേണ്ടിവരും. മലയാള ആധുനിക നാടകങ്ങളിൽ മിക്കതും ശൈലീകൃതമായ അഭിനയമാണ് നടത്തിവന്നിരുന്നത്. കഥയുടേയും കഥാപാത്രത്തിന്റെയും പ്രത്യേകതയ്ക്കനുസരിച്ച് അഭിനയിക്കേണ്ടി വന്നതാണ് അതിനുദാഹരണം. ഈ രീതി കണ്ടുവന്നിരുന്നത് കൂടുതലും അമേചർ നാടകങ്ങളിലാണ്. എന്നാൽ യഥാർത്ഥ സ്വഭാവവും സ്വാഭാവികതയുമുള്ള നാടകങ്ങളും കഥാപാത്ര രൂപീകരണവും നടന്നതോടുകൂടി പ്രേക്ഷകനുമായി അതിവേഗം സംവദിക്കുവാൻ നാടകാവതരണത്തിനു കഴിഞ്ഞു.

## നാച്വറലിസം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് യഥാർത്ഥ നാടകപ്രസ്ഥാനത്തിന് ആരംഭമായത്. 'ജീവിതത്തെപ്പോലെ ഇരിക്കുക' എന്നതാണ് നാടകങ്ങളുടെ ലക്ഷ്യം. നാടകം ജീവിതഗന്ധിയാണെന്ന് ആസ്വാദകരഭിപ്രായപ്പെടുന്നത് യാഥാർത്ഥ്യം പുലർത്തുമ്പോഴാണ്. അതിനു മുൻപുണ്ടായിരുന്ന ശൈലി പദ്യരൂപത്തിലുള്ള സംഭാഷണവും അതിഭാവു



*തിയേറ്റർ ലിബ്രെ, പാരീസ്*



ആന്റോനിൻ ആർത്താഡ്

റ്റർ ലിബ്രെ' എന്ന നാടകശാലയിൽ ആണ് ഈ ശൈലിയിൽ നാടകമവതരിപ്പിച്ചു.

റിയലിസ്റ്റിക് സങ്കേതത്തിന്റെ ഉപജ്ഞാതാക്കളാണ് ഹെന്റിക് ഇബ്സൺ, ബെർണാഡ്ഷാ, ആന്റൺ ചെക്കോവ് എന്നീ സംവിധായകർ. അവർ സമൂഹത്തിലെ തിന്മകളെ അനാവരണം ചെയ്യുന്നതിനായി സാമൂഹിക കഥാപാത്രങ്ങളുടെ ഉള്ളറയിലേക്കിറങ്ങി പഠനം നടത്തിയിരുന്നു.

കത്വം നിറഞ്ഞ ആംഗിക ചലനങ്ങളും അവതരണ രീതിയും കാണികളിൽ നിന്നകന്നുപോകുന്നതിന് റിയലിസ്റ്റിക് നാടക വരവുകൾ കാരണമായി.

യഥാർത്ഥ പ്രസ്ഥാനം നാടകാവതരണത്തിൽ ആദ്യമായി കൊണ്ടുവന്നത് 'ആന്ദ്രേ ആന്റോ' എന്ന നടനും സംവിധായകനുമാണ്. പാരീസിലെ 'തിയേ



മാർട്ടിൻ എസ്സ്ലിൻ

'പ്രകൃതിയിലേക്ക് തിരിച്ചുവിട്ട കണ്ണാടി'കളാണ് റിയലിസ്റ്റിക് നാടകങ്ങൾ. നടീനടന്മാർ പ്രൊസീഡിയം തിയേറ്ററുകളിൽ തിരിഞ്ഞും പുറംതിരിഞ്ഞും അഭിനയിക്കാനുള്ള സ്വാതന്ത്ര്യം നേടി. അതുവരെ കഥാപാത്രങ്ങൾ ഒരിക്കലും പ്രേക്ഷകന് പുറംതിരിഞ്ഞു നിന്ന് അഭിനയിക്കരുതെന്ന നയമുണ്ടായിരുന്നു.

റിയലിസത്തിൽ നിന്നും മുളച്ചുവന്ന അവതരണ രീതിയാണ് നാച്വറലിസം. യഥാർത്ഥ ജീവിതത്തെ അതിന്റെ എല്ലാ പൂർണതയോടും കൂടി രംഗത്താവിഷ്കരിക്കുക എന്നതാണ് ഇതിന്റെ ധർമ്മം. ജീവിതത്തിന്റെ നേർചിത്രം രംഗവേദിയിൽ കാണിക്കുകയല്ലാ ഭാവാത്മകമായ ക്രിയേഷനുകൾ ഉണ്ടാകുന്നതാണ് യാഥാർത്ഥ്യത ഉളവാക്കുന്നതെന്ന വിമർശനങ്ങളും അക്കാലത്തുണ്ടായി.

## എപ്പിക് നാടകവേദി

ജർമ്മൻ നാടകകൃത്തും സംവിധായകനുമായ 'ബർട്ടോൾഡ് ബ്രവിറ്റ്' ആണ് ഈ സങ്കേതത്തിന്റെ ഉപജ്ഞാതാവ്. അന്യവത്കരണ മനോഭാവത്തോടെ പ്രേക്ഷകർ നാടകത്തെ വീക്ഷിക്കണമെന്ന് അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരുന്നു. റിയലിസ്റ്റിക് നാടകങ്ങളിൽ പ്രേക്ഷകർ വികാരം കൊള്ളുകയും കഥാപാത്രങ്ങളുടെ മാനസിക നിലയ്ക്കനുസരിച്ച് കരയുകയും ചിരിക്കുകയും ചെയ്യുന്നത് തെറ്റാണെന്നും, പ്രേക്ഷകൻ അന്യനായി നിന്നു നാടകത്തെ കാണണമെന്നും നിരീക്ഷകനെപ്പോലെ ആസ്വദിക്കണമെന്നും ചിന്തകൾക്കു വഴിയൊരുക്കാനും തീരുമാനങ്ങൾ എടുക്കുവാനും കഴിയുന്ന അവതരണ ശൈലിയായിരിക്കണമെന്നും അദ്ദേഹം വാദിച്ചു. നാടകത്തിലെ സംഭവങ്ങൾക്കിടയിൽ ഗാനങ്ങളും പ്രസ്താവനകളും ദൃശ്യസാമഗ്രികളും ഉപയോഗിച്ചാണ് അന്യവത്കരണ നാടകം

സാദ്ധ്യമാക്കിയത്. നാടകങ്ങളുടെ ഘടന മഹാകാവ്യങ്ങളോട് (Epics) അടുത്തു നിന്നുകൊണ്ടാണ്. അതുകൊണ്ടാണ് എപ്പിക് നാടകമെന്ന പേരുണ്ടായത്. ആസ്വാദകന് ചിന്തിക്കാനും വഴിയൊരുക്കിയ ശൈലിയാണിത്.

### ക്രൂരതയുടെ നാടകവേദി (Theatre of Cruelty)

ഈ നാടക സങ്കേതത്തിന് ദാദായി സത്തിന്റേയും സർ റിയലിസത്തിന്റേയം പിൻബലമുണ്ടായിരുന്നു. 1920 കാലഘട്ടത്തിലാണിത് രൂപപ്പെട്ടത്. 'ആന്റോനിൻ ആർത്താഡ്' എന്ന നാടക ചിന്തകനാണിതിന്റെ ഉപജ്ഞാതാവ്. പ്രേക്ഷകനെ മനാസികമായും ആത്മീയമായും ഭയപ്പെടുത്തുകയും ചെയ്യുക അവബോധങ്ങളെ ഉലയ്ക്കുക, ശുദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ശൈലിയിലുള്ള നാടകങ്ങളുണ്ടായത്.

യുദ്ധത്തിനും കലാപത്തിനുമുള്ള ആഗ്രഹങ്ങൾ ഇത്തരം നാടകങ്ങളിലൂടെ പ്രേക്ഷകൻ ഉപേക്ഷിക്കുന്നു. ഭീതിപ്പെടുത്തുന്ന രംഗാവിഷ്കാരമായിരിക്കും. വേഷവിധാനത്തിലും പ്രകാശവിന്യാസത്തിലും ശബ്ദക്രമീകരണത്തിലും പ്രത്യേകതയുണ്ടാകും.

### അസംബന്ധനാടകം

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം യൂറോപ്പിൽ ഉദയം ചെയ്ത നാടകശൈലിയാണിത്. 'മാർട്ടിൻ എസ്സ്ലിൻ' എന്ന നാടകനിരൂപകനാണ് ഈ പേരുനൽകിയത്. എല്ലാം നഷ്ടപ്പെട്ട പ്രതീക്ഷകളും വെളിച്ചവും നഷ്ടപ്പെട്ട പ്രപഞ്ചത്തിൽ മനുഷ്യൻ അന്യനാവുന്നു. മനുഷ്യനും ജീവിതവുമായി വേർപിരിഞ്ഞു അവസ്ഥയുണ്ടാക്കുന്ന തോന്നൽ ജനിപ്പിക്കുന്ന സങ്കേതമാണിത്.

'സാമുവൽ ബക്കറ്റ്' എന്ന രചയിതാവിനെ നാടകങ്ങളിൽ ഇത്തരം തോന്നലുകൾ സൃഷ്ടിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ 'ഗോദോയെ കാത്ത്' എന്ന നാടകം ഉദാഹരണമാണ്.

ഒട്ടനവധി ശൈലികൾ നാടക വേദിയിലുണ്ട്. മ്യൂസിക്കൽ നാടകവേദി, ബ്രഡ് ആന്റ് പപ്പറ്റ് തിയേറ്റർ, ഹാപ്പനിംഗ് നാടകവേദി, നാടോടി നാടകവേദി അങ്ങനെ ധാരാളമുണ്ട്.

(തുടരും)

# സ്വാതി സംഗീതസഭ, പാലക്കാട്

## സംഗീതസരസ്വതി ശ്രീ. വി. ദക്ഷിണാമൂർത്തി നൃത്തസംഗീതോത്സവം





പാലക്കാട് സ്വാതി സംഗീതസഭയുടെ 14-ാം വാർഷികാഘോഷവും, നവരാത്രി സംഗീതോത്സവവും, സംഗീസരസ്വതി ശ്രീ. വി. ദക്ഷിണാമൂർത്തി നൃത്തസംഗീതോത്സവമായി ആഘോഷിച്ചതിന്റെ ഭാഗമായി നടന്ന ചടങ്ങിൽ സംഗീതവിദുഷി ശ്രീമതി അമ്പലപ്പുഴ തുളസി, നൃത്തവിദുഷി ശ്രീമതി വിനീതാ നെടുങ്ങാടി എന്നിവരെ നാദചന്ദ്രിക, നടനചന്ദ്രിക എന്നീ പുരസ്കാരങ്ങൾ നൽകി ആദരിച്ചു.

ഒക്ടോബർ 4 മുതൽ 7 വരെ മന്തക്കര ശ്രീമഹാഗണപതി ക്ഷേത്രമണ്ഡപത്തിൽ (പുതിയകല്പാത്തി) വച്ച് നടന്ന പരിപാടികളിൽ സഭ മുൻവർഷങ്ങളിൽ പുരസ്കാരങ്ങൾ നൽകി ആദരിച്ച ഗുരുക്കന്മാരും മറ്റു വിശിഷ്ടാതിഥികളും പങ്കെടുത്തു.

# 57 കലാദർശിനി

## (ചോദ്യോത്തരപംക്തി)

രാഗലയം ശ്രുതിയും, പാലക്കാട് ദർശൻ സ്കൂൾ ഓഫ് മ്യൂസിക്കും (Co-ordinating Centre of BSS Cultural Mission-Diploma Courses- *Music, Dance & Arts*) സംയുക്തമായി സംഘടിപ്പിക്കുന്ന വിജ്ഞാനപ്രദമായ ചോദ്യോത്തരപംക്തി

1. 'ചതുർദണ്ഡി' എന്ന സംഗീതരൂപം പാടാൻ വൈദഗ്ദ്ധ്യമുണ്ടായിരുന്ന ഒരു ഗായകനെക്കുറിച്ച് കല്ലീനാഥനും വെങ്കടമഖിയും പറയുന്നുണ്ട്. ആരാണ് ആ ഗായകൻ ?

   a) പുരന്ദരദാസർ (b) നാരദൻ (c) ഗോപാൽനായക് (d) അമീർഖാൻ

2. ഭഗവാൻ പരമശിവൻ തിരുമുടിയിൽ അണിഞ്ഞിരിക്കുന്ന പുഷ്പം ഏത് ?

   a) കൊന്നപ്പൂവ് (b) കൂവളം (c) മുല്ലപ്പൂവ് (d) താമര

3. താഴെ കൊടുത്തിരിക്കുനവയിൽ ഏതു താളത്തിലാണ് പതിനൊന്ന് അക്ഷരകാലം വരാത്തത് ?

   a) ബിന്ദു (b) ഉദയ (c) ലീല (d) മണി

4. ഒരു വസ്തുവിന്റെ നിഴലിന് വസ്തുവിനേക്കാൾ നീളം കുറഞ്ഞ് കാണപ്പെടുന്നത് എപ്പോഴാണ് ?

   a) രാത്രിയിൽ (b) കാലത്ത് (c) സന്ധ്യക്ക് (d) ഉച്ചക്ക്

5. പ്രശസ്തനായ ശിൽപി കാനായി കുഞ്ഞിരാമൻ ജനിച്ച ജില്ല ഏത് ?

   a) കാസർഗോഡ് (b) തിരുവനന്തപുരം (c) വയനാട് (d) തൃശൂർ

6. ക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ വച്ചു നടത്തുന്ന നാടകാഭിനയതിനു പറയുന്ന പേരെന്ത് ?

   a) തോൽപ്പാവകൂത്ത് (b) കൂടിയാട്ടം (c) കഥകളി (d) കൃഷ്ണനാട്ടം

7. ചിത്രത്തിന് നീളവും വീതിയും ഉണ്ട്. എന്നാൽ ശിപ്ലത്തിൽ എന്തെല്ലാമുണ്ട് ?

   a) നീളം മാത്രം (b) നീളവും, ഉയരവും (c) വീതി മാത്രം (d) നീളവും, വീതിയും, ഘനവും

8. മഹാകവി കാളിദാസൻ രചിച്ച ഏതു നാടകത്തിലാണ് 'നാട്യം ദേവന്മാർക്കുള്ള ഒരു ദൃശ്യയജ്ഞമാണ്' എന്ന് പറഞ്ഞിട്ടുള്ളത് ?

   a) മാളവികാഗ്നിമിത്രം (b) സ്വപ്നവാസവദത്തം (c) അഭിജ്ഞാനശാകുന്തളം (d) ചിലപ്പതികാരം

9. പ്രകൃതിയെ നിരീക്ഷിച്ച് വരക്കുന്ന ചിത്രങ്ങൾക്ക് പറയുന്ന പേരെന്ത് ?

   a) ഓയിൽ പെയിന്റിംഗ് (b) ലേന്റ് സ്കേപ്പ് പെയിന്റിംഗ് (c) പോർട്രേറ്റ് പെയിന്റിംഗ് (d) സ്റ്റിൽ ലൈഫ് പെയിന്റിംഗ്

10. താഴെ കൊടുത്തിരിക്കുനവയിൽ ഹാസ്യരസപ്രധാനമായ ദൃശ്യകല ഏത് ?

    a) ഓട്ടന്തുള്ളൽ (b) പാഠകം (c) കൃഷ്ണനാട്ടം (d) തെയ്യം

**ലക്കം 5.** (കലാദർശിനി **56**)- ൽ കൊടുത്തിട്ടുണ്ടായിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ താഴെ ചേർക്കുന്നു.

1. കാകു, 2. റിയലിസം, 3. മിഴാവ് , 4. പോയിന്റലിസം , 5. ചതുർദണ്ഡി , 6. പാരീസ് , 7. സംഗ്രഹചൂഡാമണി , 8. ഓറഞ്ച് , 9. വജ്രം, 10. ഏഴരമടങ്ങ്

| | |
|---|---|
| *(കലാവാണി)*<br>ഏക ഏവ സുഹൃദ്ധർമ്മോ നിധനേപ്യനുയാതി യഃ<br>ശരീരേണ സമം നാശം സർവ്വമന്യദനുഗച്ഛതി | ധർമ്മം ഒരു സുഹൃത്തിനെപ്പോലെ മരണത്തിലും നമ്മെ അനുഗമിക്കുന്നു. അതായത്, നാം ചെയ്ത ധർമ്മപ്രവൃത്തികൾ മരണത്തിനു ശേഷവും നിലനിൽക്കുന്നു. നാം ആർജ്ജിച്ച ഭൗതിക നേട്ടങ്ങളെല്ലാം മരണത്തോടുകൂടി നശിക്കുന്നു *(സുഭാഷിതാവലി)* |

With Best Compliments from.....

**Kaladarpan School of Arts,**
**Near Bus Stand – Chalod,**
**Edayannur (Po), Kannur (Dist),**
**Pin- 670 595-** Mob:-8086755606
E-mail:kaladarpanschoolofarts@gmail.com

**ബി.എസ്സ്.എസ്സ്.കൾച്ചറൽ മിഷൻ**
**സംഗീതം, നൃത്തം, ചിത്രകല**
*ഡിപ്ലോമാ കോഴ്സുകളുടെ*
***അംഗീകൃത പഠനകേന്ദ്രം***